വിജ്ഞാനം

# 2011 അന്താരാഷ്ട്ര രസതന്ത്രവർഷം

മനുഷ്യമനസ്സുകളിൽ ആശ്ചര്യാത്ഭുതങ്ങളുടെ ഉറവ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രശാഖയാണല്ലോ രസതന്ത്രം.പേരു സൂചിപ്പിക്കുന്നതുപോലെതന്നെ അത്യന്തം തന്ത്രങ്ങൾ നിറഞ്ഞതും, എന്നാൽ അവയുടെ ശാസ്ത്രീയത മനസ്സിലാക്കുമ്പോൾ അതീവ രസകരവുമായ ശാസ്ത്രം. ഇന്നു വളർന്ന് ഓർഗാനിക് കെമിസ്ട്രി, ഇനോർഗാനിക് കെമിസ്ട്രി, ബയോകെമിസ്ട്രി, ഫിസിക്കൽ കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, ന്യൂറോകെമിസ്ട്രി തുടങ്ങി നിരവധി ശാഖോപശാഖകളായി തിരിഞ്ഞിരിക്കുന്നു. ഇനിയും എത്രയോ അധികം ശാഖകളും അവയ്ക്ക് ഉപശാഖകളും ഉണ്ടാകാനിരിക്കുന്നു. ഈ പ്രപഞ്ചത്തിലെ ഓരോ തുടിപ്പിലും നമുക്കു രസതന്ത്ര വിസ്മയം കണ്ടെത്താം. മാനവപുരോഗതിയിൽ ആ ശാസ്ത്രശാഖയുടെ സംഭാവനകളെക്കുറിച്ചും അതിരുകൾ നിർവചിക്കാൻ കഴിയാത്ത അനന്തസാധ്യതകളെക്കുറിച്ചും ജനങ്ങളെ, പ്രത്യേകിച്ചു യുവജനങ്ങളെയും വിദ്യാർത്ഥികളെയും ഉദ്ബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ ഐക്യരാഷ്ട്രസഭ 2011 അന്താരാഷ്ട്ര രസതന്ത്രവർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ രസതന്ത്രത്തെ ഒരു ശാസ്ത്രശാഖ എന്ന നിലയിൽ കരുപ്പിടിപ്പിക്കുന്നതിലേക്കു വിലമതിക്കാനാവാത്ത സംഭാവനകൾ നല്കിയ മഹാശാസ്ത്രജ്ഞരെയും അവരുടെ നാഴികക്കല്ലുകളായി മാറിയ നേട്ടങ്ങളെയും അനുസ്മരിക്കുന്നത് ഉചിതമായിരിക്കും.



## ഗെബർ ( 721 എ.ഡി–815 എ.ഡി)



പേർഷ്യൻ ശാസ്ത്രജ്ഞനായിരുന്നു ഗെബർ.അദ്ദേഹമാണ്അംഗീകരിക്കപ്പെടുന്ന ഒരു ശാസ്ത്രശാഖയായി രസതന്ത്രത്തെ വികസിപ്പിച്ചെടുക്കുന്നതിന് അടിത്തറപാകിയത്. അതുകൊണ്ടുതന്നെ ഇദ്ദേഹത്തെ രസതന്ത്രത്തിന്റെ പിതാവായി ഒട്ടധികം ശാസ്ത്രജ്ഞർ അവരോധിക്കുന്നു. പരീക്ഷണശാല എന്ന സംവിധാനത്തിന്റെ പ്രാക് രൂപത്തിനു തുടക്കമിട്ടതും ഗെബർ തന്നെ.

## ജോർജ് അഗ്രികോള (1494–1555)



മൂലകങ്ങളെ അവയുടെ അയിരിൽ നിന്നു വേർതിരിച്ചെടുക്കാമെന്ന വിപ്ലവകരമായ കണ്ടെത്തൽ ഉറപ്പിച്ചു. ഡിറെ മെറ്റാലിക്ക എന്ന ഗ്രന്ഥത്തിൽ, ആദ്യ കാലഘട്ടങ്ങളിൽ മൂലകങ്ങളെ അയിരിൽ നിന്നും വേർതിരിച്ചെടുക്കുന്നതിനു നടത്തിയ പരിശ്രമങ്ങളെക്കുറിച്ചു ജോർജ് അഗ്രികോള വിശദീകരിക്കുന്നുണ്ട്.

## റോബർട്ട് ബോയ്ൽ (1627–1691)



ആധുനിക രസതന്ത്രത്തിനു നാ

ന്ദികുറിച്ചവരിൽ പ്രധാനിയാണു റോബർട്ട് ബോയ്ൽ. വിഖ്യാതമായ ബോയ്ൽ ലോയുടെ സൃഷ്ടാവ്.

## ആന്റോയിൻ ലാവോസിയർ (1743–1794)



ആധുനിക രസതന്ത്രത്തിന്റെ പിതാവാണ് ആന്റോയിൻ ലാവോസിയർ. 1789ൽ പ്രഖ്യാതമായ ലോ ഓഫ് കൺസർവേഷൻ ഓഫ് മാസ് അഥവാ ലാവോസിയേർഡ് ലോ അവതരിപ്പിച്ചു.

## ജോസഫ് ബ്ലാക്ക് (1728–1799)



കാർബൺഡയോക്സൈഡും അതിന്റെ സവിശേഷതകളും കണ്ടെത്തിയതിലൂടെ ശാസ്ത്രചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയ സ്കോട്ടിഷ് ശാസ്ത്രജ്ഞനാണു ജോസഫ് ബ്ലാക്ക്.

## കാൾ വിൽഹേം ഷിലെ (1742– 1786)

നിരവധി കണ്ടെത്തലുകൾ നടത്തുകയും എന്നാൽ, അവ പുറംലോ



കത്തെ അറിയിക്കാൻ വൈകിയതുമൂലം തന്റെ നേട്ടങ്ങളുടെ പെരുമയും പ്രശസ്തിയും മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടിവരികയും ചെയ്ത അപൂർവം പ്രതിഭകളിലൊരാളാണു കാൾ വിൽഹേം ഷിലേ. ഓക്സിജൻ, ടങ്ഗ്സ്റ്റൺ, ബേരിയം തുടങ്ങിയ മൂലകങ്ങൾ കണ്ടെത്തിയത് ഇദ്ദേഹമാണ്.

## ജോസഫ് ലൂയിസ് പ്രൂസ്റ്റ്സ് (1754–1826)



പ്രൂസ്റ്റ്സ്ലോയുടെ ഉപജ്ഞാതാവാണു പ്രൂസ്റ്റ് ഫ്രഞ്ചു ശാസ്ത്രജ്ഞനായ ജോസഫ് ലൂയിസ് പ്രൂസ്റ്റ്

## ജോസഫ് (പ്രീസ്റ്റ്ലി) (1733–1804)

ഓക്സിജൻ വേർതിരിച്ചെടുത്തതിലൂടെ വിഖ്യാതനായ ഇംഗ്ലീഷ് ശാസ്ത്രജ്ഞനാണു ജോസഫ് പ്രീസ്റ്റ്ലി.

## അലെസാൻഡ്രോ വോൾട്ടാ(1745–1827)



ബാറ്ററി കണ്ടുപിടിച്ചതിലൂടെ ശ്രദ്ധേയനായ ഇറ്റാലിയൻ ശാസ്ത്രജ്ഞനാണ് അലെസാൻഡ്രോ വോൾട്ടാ.

## ജോൺ ഡാൾട്ടൺ (1766–1844)



ഡാൾട്ടൺസ് ലോയുടെ ആവിഷ്ക്കാരത്തിലൂടെ പ്രഖ്യാതനായ ഇംഗ്ലീഷ് ശാസ്ത്രജ്ഞനാണു ജോൺ ഡാൾട്ടൺ.

## ദിമിത്രി മെൻഡലീവ് (1834–1907)



മൂലകങ്ങളുടെ പീരിയോടിക് ടേബിൾ അഥവാ ആവർത്തനപ്പട്ടിക തയ്യാറാക്കിയതു റഷ്യൻ ശാസ്ത്രജ്ഞനായ ദിമിത്രി മെൻഡലീവാണ്.

മിനിക്കഥ

ടി.കെ. വിജയൻ

# സ്പീഡു പോരാ

യാത്രക്കാർ ചിലർ ഉറക്കത്തിലും ചിലർ കമ്പിയിലും ബലമായി പിടിമുറുക്കി. നിരത്തിൽ മറ്റു വാഹനങ്ങൾ കുറവായിരുന്നു.ഡ്രൈവർ, ബസിന്റെ വേഗത കൂട്ടുകയും കുറയ്ക്കുകയും ചെയ്തു. എനിക്കു സൈഡു സീറ്റു തന്നെ കിട്ടിയതു കൊണ്ടു കാഴ്ചകൾ കണ്ടു പോകാൻ രസം തോന്നി.

ഓർക്കാപ്പുറത്താണു ഡ്രൈവർ ബ്രേക്കു ചവുട്ടിയത്. ചിലർ ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്നു. കാരണം മറ്റൊന്നുമല്ല. ഒരു പട്ടി റോഡിനു കുറുകെ എടുത്തുചാടിയതാണ്. ഏതായാലും പട്ടിക്കൊന്നും പറ്റിയില്ല.




വീണ്ടും ബസു കത്തിച്ചുവിട്ട വാണം പോലെ ചീറിപ്പാഞ്ഞു. എനിക്കു പത്തുമണിക്കുള്ള വഞ്ചിനാട് എക്സ്പ്രസ്സിനു തിരുവനന്തപുരത്തിനു പോകണം. വണ്ടി ഇപ്പോൾതന്നെ ഇരുപതു മിനിറ്റു താമസം.

ബസു ഗട്ടറിൽ ചാടി കുലുങ്ങിക്കുലുങ്ങി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. അപ്പോൾ അതാ ബസ്സിന്റെ പിന്നിൽ നിന്നും നിരന്തരം ഹോൺ മുഴക്കിക്കൊണ്ടു ബെൻസ്കാർ ഓവർടേക്കു ചെയ്തു കടന്നുപോയി. ദേ പിന്നെയും അടുത്ത വണ്ടി, ഓട്ടോറിക്ഷ. അതും കടന്നുപോയി. യാത്രക്കാർ പലരും പിറുപിറുത്തുകൊണ്ടു സ്വയം ആശ്വസിച്ചു.

ഡ്രൈവർ വീണ്ടും ബസ്സിന്റെ വേഗത വർധിപ്പിച്ചു. അര കിലോമീറ്റർ പോയി കാണില്ല, ദേ പിന്നെ അടുത്ത വണ്ടി. ഞാൻ സൈഡിലേക്ക് എത്തിനോക്കി. മീൻകാരൻ തന്റെ റാലി സൈക്കിൾ ചവിട്ടിക്കൊണ്ടു ബസ്സിനെ ഓവർടേക്കു ചെയ്തു മുന്നോട്ടു കടന്നുപോയി.

അതു കണ്ടതും യാത്രക്കാർ പലരും ഡ്രൈവറെ പരസ്യമായി ആക്ഷേപിച്ചു. ഡ്രൈവർ കോപം കൊണ്ടു വിറച്ചു ബസ് റോഡിന്റെ അരികു ചേർത്തു ചവിട്ടി നിർത്തി. ഡോർ തുറന്നു വെളിയിൽ ചാടി ശരവേഗത്തിൽ വണ്ടിയുടെ പിന്നിലേക്കു പാഞ്ഞു.

ഞാൻ നോക്കിയപ്പോൾ ആശാൻ മൂത്രം ഒഴിക്കുകയാണ്. എനിക്കും മൂത്രം ഒഴിച്ചാൽ കൊള്ളാമെന്നു തോന്നി.

പിന്നെ മറ്റൊന്നും ചിന്തിച്ചില്ല.

ഭാര്യയുടെ ശകാരം കേട്ടാണുറക്കം തെളിഞ്ഞത്.

ഛേ, ഇതിയാനിപ്പോഴും കുഞ്ഞു പിള്ളേരുടെ സൊഭാവം മാറിയിട്ടില്ലല്ലോ.

ആകെ ലജ്ജിച്ചുപോയി. എഴുന്നേല്ക്കാനും വല്ല, എഴുന്നേല്ക്കാതിരിക്കാനും വയ്യ. നേരം വെളുക്കാൻ ഇനിയും സമയമുണ്ടെന്നു തോന്നുന്നു.

ഗണിതം

**പള്ളിയറ ശ്രീധരൻ**

# എങ്ങനെ മാന്ത്രിക ചതുരം നിർമിക്കാം ?

മാന്ത്രികചതുരം (Magic Square) എന്നാൽ എന്തെന്നു നിങ്ങൾക്കറിയാമല്ലോ. വരിയിലും നിരയിലും തുല്യ എണ്ണം സംഖ്യകൾ നിശ്ചിത നിയമമനുസരിച്ചു ക്രമീകരിച്ചവയാണു മാന്ത്രികചതുരങ്ങൾ. മൂന്നു വരിയും മൂന്നു നിരയുമുള്ള ഒരു മാന്ത്രികചതുരം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 8 | 1 | 6 |
| 3 | 5 | 7 |
| 4 | 9 | 2 |

മാന്ത്രികചതുരത്തിലെ സംഖ്യകളെല്ലാം വ്യത്യസ്തങ്ങളാണ്. ഒരു സംഖ്യയും ആവർത്തിക്കുന്നില്ല. ഓരോ വരിയിലും, ഓരോ നിരയിലുമുള്ള സംഖ്യകളുടെ തുകയും തുല്യമാണ്. കോണോടുകോണുള്ള സംഖ്യകളുടെ തുകയും തുല്യമാണ്.

വിവിധ ഇനത്തിലും വലുപ്പത്തിലുമുള്ള ധാരാളം മാന്ത്രികചതുരങ്ങൾ ഇപ്പോൾ പ്രചാരത്തിലുണ്ട്. ഇത്തരം മാന്ത്രികചതുരങ്ങൾക്ക് ഒരു കാലത്തു മാന്ത്രിക ശക്തിയുണ്ടെന്നു മനുഷ്യർ വിശ്വസിച്ചിരുന്നു. മാന്ത്രിക ശക്തിയുള്ളതുകൊണ്ടാണത്രെ ഇത്തരം ചതുരങ്ങൾക്കു മാന്ത്രികചതുരമെന്ന പേർ ലഭിച്ചത്.

ഒരു മാന്ത്രികചതുരം എങ്ങനെ നിർമിക്കാം?

അതിനു ധാരാളം വഴികൾ പ്രചാരത്തിലുണ്ട്. ഗണിതശാസ്ത്രപരമായ വഴികളെയൊന്നും ആശ്രയിക്കാതെ ഒരു പ്രശ്നോത്തരി അഥവാ ക്വിസ്സിലൂടെ നമുക്ക് ഒരു മാന്ത്രിക ചതുരം നിർമ്മിക്കാം. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു നിങ്ങൾ ശരിയായ ഉത്തരം കണ്ടുപിടിക്കുക. ഈ ചോദ്യത്തിന്റെ നമ്പർ ചതുരത്തിൽ




കാണുന്ന ശരിയായ ഉത്തരത്തിനു താഴെ ചേർക്കുക. നിങ്ങളുടെ എല്ലാ ഉത്തരവും ശരിയാണെങ്കിൽ നിങ്ങൾക്ക് ഒരു മാന്ത്രികചതുരം ലഭിക്കും. ക്വിസ്സിലൂടെ നമുക്കു മാന്ത്രികചതുര നിർമിതി ആരംഭിക്കാം.

***ചോദ്യങ്ങൾ***

1) 1729 എന്ന സംഖ്യ ഏതു ഗണിതശാസ്ത്രജ്ഞന്റെ പേരിലാണ് അറിയപ്പെടുന്നത്?

2) പ്രപഞ്ചം സംഖ്യാമയമാണെന്നു പ്രഖ്യാപിച്ച പുരാതന ഗ്രീക്കു ഗണിതശാസ്ത്രജ്ഞൻ?

3) ഒരു ത്രികോണമിതി അംശബന്ധത്തിന് ആദ്യമായി പേർ നല്കിയ ഗണിതശാസ്ത്രജ്ഞൻ?

4) പൈയുടെ വില കണ്ടുപിടിക്കുന്നതിൽ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും ചെലവഴിച്ച ഗണിതശാസ്ത്രജ്ഞൻ? (പൈക്ക് ഇദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെട്ടും ഒരു പേരുണ്ട്.)

5) ആധുനിക ഗണിതശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഈ ഗണിതശാസ്ത്രജ്ഞൻ ഒരു തത്വചിന്തകൻ കൂടിയാണ്. അദ്ദേഹത്തിന്റെ 'ഞാൻ ചിന്തിക്കുന്നു അതുകൊണ്ടു ഞാൻ ഉണ്ട്' ('I think, therefore I am') എന്നീ വാക്കുകൾ പ്രസിദ്ധം. ആരാണദ്ദേഹം?

6) ഇറ്റലിയിൽ ജനിച്ച ഈ ഗണിതശാസ്ത്രജ്ഞ ഒരു വക്രം കണ്ടുപിടിച്ചിരുന്നു. ഈ വക്രം അവരുടെ പേരിലാണ് അറിയപ്പെടുന്നത്. ആരാണ് ആ വനിത?

7) ഗണിതശാസ്ത്രത്തിന് ഏറ്റവും കൂടുതൽ പ്രശസ്തരായ ശാസ്ത്രജ്ഞന്മാരെ സംഭാവന ചെയ്ത കുടുംബം?

8) ഒരു യൂക്ലിഡേതര ജ്യാമിതി ആവിഷ്കരിച്ച ഗണിതശാസ്ത്രജ്ഞൻ?

9) കാൽക്കുലസ് എന്ന ഗണിതശാസ്ത്രശാഖ കണ്ടുപിടിച്ചത് ഒരേ സമയത്തു രണ്ടുപേരായിരുന്നു (ആരാണു കണ്ടുപിടിച്ചത് എന്ന കാര്യത്തിൽ പാശ്ചാത്യലോകത്തു വലിയ കോലാഹലങ്ങളും നടന്നിരുന്നു.)

>>

അതിൽ ഒരു ശാസ്ത്രജ്ഞൻ?

10) ഗണസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ആര്?

11) ഗണിതഗവേഷണത്തിനിടയിൽ തല നഷ്ടപ്പെട്ട ഗണിതശാസ്ത്രജ്ഞൻ ആര്?

12) ഭാരതത്തിലെ പുരാതന ജൈനഗണിത ശാസ്ത്രജ്ഞന്മാരിൽ ഏറ്റവും പ്രമുഖൻ?

13) 'ആലീസ് അത്ഭുതലോകത്തിൽ' എന്ന പ്രശസ്തകൃതി എഴുതിയ ലൂയി കരോൾ ഒരു പ്രസിദ്ധ ഗണിതശാസ്ത്രജ്ഞന്റെ തൂലികാനാമമാണ്. അദ്ദേഹത്തിന്റെ ശരിയായ പേര് എന്ത്?

14) ലോകത്തിന് ആദ്യമായി കണക്കുകൂട്ടൽ യന്ത്രം സംഭാവന ചെയ്ത ഗണിതശാസ്ത്രജ്ഞൻ?

15) പാടീഗണിതം, ത്രിശതിക എന്നീ ഗണിത ശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവ്?

16) ഒരു ഘനരൂപവുമായി ബന്ധപ്പെട്ട F + V - E = 2 എന്ന സൂത്രവാക്യം ഇദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ആരാണ് ആ ഗണിതശാസ്ത്രജ്ഞൻ?

മേല്കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരത്തിന്റെ നമ്പർ താഴെ കൊടുത്തിരിക്കുന്ന ചതുരത്തിൽ ചേർക്കുക.

| | | | |
|---|---|---|---|
| ഓയ്‌ലർ | പൈഥഗോറസ് | ആര്യഭടൻ | ഡോഡ്സൺ |
| ദക്കാർത്തെ | ആർക്കിമിഡീസ് | കാന്റർ | റീമാൻ |
| ന്യൂട്ടൻ | ബർണൂലി | അഗ്നേസി | മഹാവീരൻ |
| ലുഡോൾഫ് | പാസ്ക്കൽ | ശ്രീധരൻ | ശ്രീനിവാസ രാമാനുജൻ |

തന്നിരിക്കുന്ന ചതുരത്തിൽ നിന്നു പേര് ഒഴിവാക്കിക്കൊണ്ടുള്ള ഒരു ചതുരം വരയ്ക്കുക. 16 കള്ളികളുള്ള ഈ ചതുരത്തിൽ സംഖ്യകൾ മാത്രം എഴുതുക. നിങ്ങളുടെ ഉത്തരങ്ങളെല്ലാം ശരിയാണെങ്കിൽ നിങ്ങൾ ഒരു മാന്ത്രികചതുരം നിർമിച്ചു എന്നു പറയാം.

| | | | |
|---|---|---|---|
| 16 | 2 | 3 | 13 |
| 5 | 11 | 10 | 8 |
| 9 | 7 | 6 | 12 |
| 4 | 14 | 15 | 1 |

ഉത്തരം

ഇതിലെ വരിയിലെയും, നിരയിലെയും കോണോടുകോണിലെയും സംഖ്യകളുടെ തുക 34 വീതമായിരിക്കും.

## അറിയേണ്ടും കാര്യങ്ങൾ

# താലിബാന്റെ മനസ്സു മാറട്ടെ അഫ്ഗാനും പുരോഗമിക്കട്ടെ



**അഫ്ഗാനിസ്ഥാനിൽ** പെൺകുട്ടികൾ വിദ്യാഭ്യാസം നേടുന്നത് എതിർക്കേണ്ടതില്ലെന്നു താലിബാൻ തീരുമാനമെടുത്തതായുള്ള വിദ്യാഭ്യാസ മന്ത്രി ഫാറൂക്ക് വാർഡാക്കിന്റെ വെളിപ്പെടുത്തൽ ആ രാജ്യത്തെ സംബന്ധിച്ചു പ്രതീക്ഷാനിർഭരമാണ്. താലിബാനുമായി ഏറ്റുമുട്ടലിന്റെ പാത വെടിഞ്ഞു സമാധാന ചർച്ചകൾ നടത്തി വരുന്നതായി പ്രസിഡണ്ടു ഹമീദ് കർസായി നേരത്തെ വ്യക്തമാക്കിയിരുന്നു. അതിന്റെ ഫലമായി താലിബാന്റെ ഈ നിലപാടു മാറ്റത്തെ വിലയിരുത്താം. അഫ്ഗാനിസ്ഥാൻ പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏറെ മുന്നോട്ടു പോയതായാണ് ഔദ്യോഗിക ഭാഷ്യം. നിലവിൽ രാജ്യത്തെ 38 ശതമാനം പെൺകുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിഞ്ഞുവത്രെ. കൂടാതെ അധ്യാപകരിൽ 30 ശതമാനം വനിതകളുമാണ്. ഗോത്രമേഖലകളിലുൾപ്പെടെ ഇപ്പോഴും താലിബാന്റെ സ്വാധീനമോ ഭീഷണിയോ നിലനില്ക്കുന്നു. അതിനാൽ ഇവിടങ്ങളിൽ സർക്കാരിന്റെ പ്രവർത്തനം എത്തുന്നില്ല. രാജ്യത്തിന്റെ വികസനം ഈ മേഖലകളിലേക്കും വ്യാപിപ്പിക്കണമെങ്കിൽ താലിബാന്റെ പിന്തുണ കൂടിയേ തീരു എന്ന നിലപാടാണു കർസായി സർക്കാർ കഴിഞ്ഞ ഏതാനും വർഷമായി സ്വീകരിച്ചുവരുന്നത്. തന്നെയുമല്ല അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങൾ അഫ്ഗാന്റെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനു താത്പര്യമെടുക്കുന്നില്ല. എന്ന പരാതിയും കർസായി ഭരണകൂടത്തിനുണ്ട്. കഴിഞ്ഞവർഷം 1,69,000ത്തോളം വരുന്ന രാജ്യത്തെ അധ്യാപകർക്കു ബ്രിട്ടണാണു ശമ്പളം നല്കിയത്. എന്നാൽ, വിദ്യാഭ്യാസമേഖലയിലേക്കു കൂടുതൽ ഫണ്ട് അനുവദിക്കുവാൻ പാശ്ചാത്യരാജ്യങ്ങൾ തയ്യാറാകണമെന്നതാണു കർസായി ഭരണകൂടത്തിന്റെ പ്രധാന ആവശ്യങ്ങളിൽ ഒന്ന്. എന്തുതന്നെയായാലും വിദ്യാഭ്യാസം ഏതൊരു സമൂഹത്തിന്റെയും ബൗദ്ധിക വികാസത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. സമാധാനവും സാമ്പത്തിക ഭദ്രതയും നേടുന്നതോടൊപ്പം വിദ്യാഭ്യാസമേഖലയിലും പുരോഗതിയും സ്വാശ്രയത്വവും കൈവരിച്ചെങ്കിൽ മാത്രമേ ഏതൊരു രാഷ്ട്രത്തിന്റെ സ്ഥിതിയും ഭദ്രമാകൂ. ഈ യാഥാർത്ഥ്യം അഫ്ഗാൻ ഭരണകൂടവും ജനതയും, ഒപ്പം താലിബാനും മനസ്സിലാക്കട്ടെ.

സുദർശനം

# വീരസ്യമല്ല വികസനം

കിളിരൂർ രാധാകൃഷ്ണൻ



വികസനത്തിന്റെ കുത്തുപടികൾ ഒന്നൊന്നായി പിന്നിട്ടു പെരുക്കപ്പട്ടിക പോലെ വികസിക്കുന്ന അത്ഭുതരാജ്യമാണു നമ്മുടെ ഭാരതം. മേരേ ഭാരത് മഹാൻ! ഈ മഹാരാജ്യത്തിന്റെ അത്യത്ഭുതകഥകൾ കേട്ടാൽ അലാവുദീൻ തന്റെ അത്ഭുതവിളക്ക് ആക്രികച്ചവടക്കാർക്കു കിട്ടുന്നവിലയ്ക്കു കൊടുത്തിട്ടു സ്ഥലം വിടും. വിക്രമാദിത്യനെ ചോദ്യങ്ങൾ ചോദിച്ചു വലച്ചിരുന്ന പഴയ വേതാളം സർവതാളവും തെറ്റി അവതാളം ചവിട്ടും. അത്ര "ഭയങ്കര"മായ വികസനമാണ് ഈ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സംശയമുണ്ടോ? എങ്കിൽ കേട്ടുകൊള്ളുക; ചില മഹാഭാരത വിശേഷങ്ങൾ!

മൊബൈൽ ഫോണാണോ കക്കൂസാണോ നമ്മുടെ നാട്ടിൽ എണ്ണത്തിൽ മുൻപെന്നു ചോദിച്ചാൽ ഉത്തരം മൊബൈൽ ഫോൺ എന്നാണ്. ഒരു "പിസാ"യ്ക്കു നിങ്ങൾ ഓർഡർ കൊടുത്താൽ 30 മിനിറ്റിനകം ലഭിക്കും. പക്ഷേ, ആമ്പുലൻസ് വിളിച്ചാൽ അത്രവേഗം വരില്ല. വിദ്യാഭ്യാസ വായ്പ കിട്ടാൻ കടമ്പകളേറെ! എന്നാലോ കാർ വായ്പ കിട്ടാൻ ഒട്ടും താമസമില്ല; കടമ്പകളേയില്ല. രാജ്യത്തു പട്ടിണിപ്പാവങ്ങൾ ഒരു പിടി ധാന്യത്തിനു മുറവിളികൂട്ടുമ്പോൾ, പുഴുവരിച്ചും പൂപ്പലടിച്ചും നശിക്കുന്നത് എത്രമാത്രമെന്നു കണക്കുപോലും പറയാനാവില്ല. എവിടെതിരിഞ്ഞു നോക്കിയാലും ലൈംഗികതയുടെ അതിപ്രസരം- പക്ഷേ, അതു വേണ്ടിടത്തു (കിടപ്പറയിൽ) തീരെയില്ലതാനും!

കുടുംബങ്ങൾ ചെറുതായി ചെറുതായി അണുപ്രായത്തിലാകുന്നു. പക്ഷേ, വീടുകളുടെ എണ്ണം അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ചലിക്കുന്ന കൊട്ടാരങ്ങൾ എന്നുതന്നെ വിശേഷിപ്പിക്കാവുന്ന വിലകൂടിയ കാറുകൾ അനുദിനം ആയിരക്കണക്കിനു റോഡിലിറങ്ങുന്നു. പക്ഷേ, "റോഡെവിടെ മക്കളേ" എന്നു കാർ വാങ്ങിയ 'അയ്യപ്പപണിക്കർമാർ' കരയുന്നു.

ക്രിമിനലുകൾക്കു സമൂഹത്തിലും നിയമസംവിധാനത്തിലും മാന്യത ലഭിക്കുമ്പോൾ, മാന്യമായി ജീവിക്കുന്നവനെ പീഡിപ്പിക്കാൻ നമ്മുടെ ഭരണയന്ത്രങ്ങൾ ജാഗരൂകരാകുന്നു. അപകടത്തിൽപെട്ടു വഴിയിൽ ചോരയൊലിപ്പിച്ചുകിടക്കുന്നവനെ താങ്ങിയെടുത്ത് ആശുപത്രിയിലെത്തിക്കുന്നവൻ പോലീസിന്റെ നോട്ടപ്പുള്ളിയാകുന്നു. ഇടിച്ചിട്ടവൻ അവന്റെ വഴിക്കു സ്വൈരമായി വിഹരിക്കുന്നു. വഴി മുഴുവൻ കുഴിയാണെന്നു പരാതിപ്പെടുന്ന ജനത്തെ കൃത്യമായി കുഴിയുടെ എണ്ണം എടുത്തു ബോധ്യപ്പെടുത്തുന്നവരെ നാം മരാമത്തു മന്ത്രിയെന്നോ, ധനകാര്യമന്ത്രിയെന്നോ വിളിക്കുന്നു. എന്നിട്ടും ഉദ്ബുദ്ധരായ നാം കുഴിയെണ്ണാനൊരു മന്ത്രിവേണമോ എന്നു ചോദിക്കുന്നില്ല. അവർക്കു വേണ്ടി വോട്ടുകുത്താൻ വെയിലും മഴയുമേറ്റു ക്യൂ നില്ക്കുന്നു!

സ്വർണത്തിനും സവാളയ്ക്കും ഒരേ വില വന്നാലും അത്ഭുതപ്പെടാതിരിക്കാനുള്ള സംയമനം ആർജിച്ചവരാണു നാം. പാകിസ്ഥാനിൽ നിന്നു വരുന്ന നോട്ടായാലും ഇന്ത്യയുടെ റിസർവ് ബാങ്ക് അടിച്ച നോട്ടായാലും കാര്യം നടന്നാൽ പോരേ എന്നാണു നമ്മുടെ സാമ്പത്തിക ശാസ്ത്രം! പിഞ്ചുകുഞ്ഞുങ്ങളിൽ പോലും കാൻസർ ഉണ്ടാക്കുന്ന പാൻമസാലകൾ നിർമിക്കുന്നവർ ഈ നാട്ടിൽ അറിയപ്പെടുന്നതു വ്യവസായികൾ എന്നാണ്.

എന്തും നിർമിച്ചു വില്ക്കാനും ജനത്തെ കബിളിപ്പിക്കാനും സാധിക്കുന്ന നാടാണു നമ്മുടേത്. മെലിയാനും, തടിക്കാനും, ചർമം തിളങ്ങാനും, കുതിരശക്തി കിട്ടാനുമൊക്കെ നൂറുകണക്കിന് അത്ഭുതമരുന്നുകളാണു ദിവസംതോറും മാധ്യമങ്ങൾ നമ്മെ പരിചയപ്പെടുത്തുന്നത്. ഇതി

>>

ന്റെയൊന്നും നിജസ്ഥിതി പരിശോധിക്കാൻ ഇവിടെയാർക്കും ബാധ്യതയില്ല. ഏതെങ്കിലും ശിവകാശിപ്രസ്സിൽ ലോട്ടറി ടിക്കറ്റ് അടിച്ചു മണിക്കൂർതോറും സമ്മാനം പ്രഖ്യാപിച്ച് ആർക്കും ലോട്ടറി നടത്താം. ദരിദ്രനാരായണന്മാരെ കബളിപ്പിച്ചു കോടികൾ സമ്പാദിക്കാം. സർക്കാരിനും തട്ടിപ്പറിക്കുന്നതിൽ ഒരു വിഹിതം ലഭിക്കണമെന്നേയുള്ളൂ.

അടുത്തകാലത്തു പ്രസിദ്ധീകരിക്കപ്പെട്ട ഡോ. എൻ.ജെ. നടരാജന്റെ ബ്രസീലിയൻ യാത്രാവിവരണത്തിൽ (ദക്ഷിണായന കാലം) സാവോപോളോ നഗരം എന്ന 'നരകത്തിലെ' അവസ്ഥയും കേരളത്തിലേതിനു തുല്യമാണെന്നു പറയുന്നു. എല്ലാത്തരം അഴിമതികളും അഴിഞ്ഞാടുന്ന ആ നഗരവും വികസനത്തിൽ വായുവേഗത്തിലാണത്രെ മുന്നേറുന്നത്. ആറുവരിപ്പാതയിൽ പോലും ട്രാഫിക് ജാം! ഒരു വർഷം വില്ക്കുന്നത് 25 ലക്ഷം വാഹനങ്ങൾ. കൈകൂലിക്കും അഴിമതിക്കും അവരുടെ ഭാഷയിൽ "ഷെയ്ചീഞ്ഞോ" എന്നാണു പറയുക. മലയാളത്തിലായാലും ചീഞ്ഞ ഏർപ്പാടുതന്നെ. ആ പുസ്തകം വായിക്കുന്ന മലയാളിക്കു തോന്നാവുന്ന ഏകസമാധാനം നാം മാത്രമല്ല, നരകിക്കുന്നവർ ധാരാളം ഈ ഭൂമുഖത്തു വേറെയുണ്ടല്ലോ എന്നുമാത്രം.

ദി വീക്ക് വാരികയുടെ ക്രിസ്മസ് സ്പെഷ്യൽ ഇഷ്യൂവിലെ കവർസ്റ്റോറി വായിച്ചപ്പോഴാണ് ഈ കുറിപ്പെഴുതാൻ പ്രചോദനം തോന്നിയത്. വാസ്തവത്തിൽ നമ്മുടെ ഈ പോക്ക് എങ്ങോട്ടാണെന്നു ചിന്തിക്കേണ്ട സമയം വൈകിയിരിക്കുന്നു. സമാന്തര പി.എസ്.സി വരെ ഈ നാട്ടിൽ പ്രവർത്തിക്കുന്നുവെങ്കിൽ നമ്മുടെ ഭരണകൂടം എത്ര ദുർബലമെന്നു നാം ആലോചിക്കണം. ഒരു നിയമസംവിധാനം പരാജയപ്പെടുന്നിടത്ത് ഉത്ക്കർഷമല്ല ഉണ്ടാവുക.

താത്ക്കാലികമായി നാം കാണുന്ന വികസനങ്ങളും നേട്ടങ്ങളുമൊക്കെ വെറും സ്വപ്നദർശനങ്ങൾ മാത്രമാവും. അന്തിമ വിശകലനത്തിൽ "വികസനം"എന്ന വാക്കിന്റെ അർത്ഥം അടിത്തറയിൽ നിന്നു നാമെടുക്കുന്ന വികസനമാണ്. ഗാന്ധിജി വിഭാവനം ചെയ്തതു ഗ്രാമവികസനമാണ്. എന്നുവച്ചാൽ ഗ്രാമത്തിലും ഫ്ളാറ്റ് പണിത് നഗരമാക്കുക എന്നല്ല. ഗ്രാമവിശുദ്ധിയിലും, കാർഷിക സംസ്കാരത്തിലും അടിയുറച്ചുനിന്നുകൊണ്ടുള്ള വികസനം മാത്രമേ നാളേക്കെന്തെങ്കിലും പ്രയോജനം ഈ രാഷ്ട്രത്തിനു ചെയ്യുകയുള്ളൂ. അതിശക്തമായ ഇച്ഛാശക്തിയും ഭരണശേഷിയും ഉള്ള ഒരു സർക്കാരിനു മാത്രമേ അതു കഴിയൂ. മന്ത്രിമാർ തമ്മിൽ "ചക്കളത്തിപ്പോരാട്ടം" നടത്തുന്നതല്ല ഭരണനൈപുണ്യം.

ഇപ്പോൾ സർവനാശകമായ ജീനോം വിളകളെക്കുറിച്ചാണു രണ്ടുതട്ടിൽ നിന്നു നേതാക്കൾ സംസാരിക്കുന്നത്. ജീനോം വഴുതനങ്ങ നാം കൃഷിചെയ്യണോ വേണ്ടയോ? വികസ്വര രാഷ്ട്രങ്ങൾക്കു പാരയാകുന്ന ഇത്തരം പരിഷ്കാരങ്ങളെക്കുറിച്ചു പഠിക്കാൻ നമുക്കു സംവിധാനമുണ്ടോ? ഉണ്ടെങ്കിൽ അതു പ്രയോജനപ്പെടുത്തുകയല്ലേ വേണ്ടത്? ആരെ ബോധിപ്പിക്കാനാണീ തർക്കങ്ങൾ?

**ഒരു "പിസാ"യ്ക്കു നിങ്ങൾ ഓർഡർ കൊടുത്താൽ 30 മിനിറ്റിനകം ലഭിക്കും. പക്ഷേ, ആമ്പുലൻസ് വിളിച്ചാൽ അത്രവേഗം വരില്ല. വിദ്യാഭ്യാസ വായ്പ കിട്ടാൻ കടമ്പകളേറെ! എന്നാലോ കാർ വായ്പ കിട്ടാൻ ഒട്ടും താമസമില്ല; കടമ്പകളേയില്ല. രാജ്യത്തു പട്ടിണിപ്പാവങ്ങൾ ഒരു പിടി ധാന്യത്തിനു മുറവിളികൂട്ടുമ്പോൾ, പുഴുവരിച്ചും പൂപ്പലടിച്ചും നശിക്കുന്നത് എത്രമാത്രമെന്നു കണക്കുപോലും പറയാനാവില്ല.**

## അറിയേണ്ടും കാര്യങ്ങൾ

## ഗർഭിണികൾക്ക് അമിതഭക്ഷണം പാടില്ല



ഗർഭിണികൾ അമിതഭക്ഷണം കഴിക്കുന്നത് ഗർഭസ്ഥശിശുവിനു ദോഷം ചെയ്യുമെന്നു റോക്ഫെല്ലർ യൂണിവേഴ്സിറ്റിയിലെ ഒരു വിഭാഗം ഗവേഷകർ നടത്തിയ പഠനത്തിൽ കണ്ടെത്തി. ഗർഭധാരണത്തിനുശേഷമുള്ള സമയത്തു പോഷകസമ്പുഷ്ടമായ ആഹാരസാധനങ്ങൾ കൂടുതൽ അളവിൽ കഴിക്കുന്നത് അമ്മയ്ക്കും ഉദരത്തിൽ വളരുന്ന കുഞ്ഞിനും നല്ലതാണെന്ന നമ്മുടെ നാട്ടിലെ പൊതു അഭിപ്രായത്തിനു വിരുദ്ധമാണ് ഈ പഠനറിപ്പോർട്ട്. കൊഴുപ്പ്, അമിത പോഷകങ്ങൾ എന്നിവ ഗർഭിണികളുടെ ശരീരത്തിൽ അടിഞ്ഞുകൂടുന്നതുമൂലം അമിതവണ്ണം വയ്ക്കുവാൻ കാരണമാകും. ഇതു കുഞ്ഞിനെയും ബാധിക്കുമത്രെ.

കഴിഞ്ഞവർഷം ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലെ 35 വയസ്സിനുമേൽ പ്രായമുള്ള 4621 സ്ത്രീകളെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ അമിതവണ്ണമുള്ളവർ 64 ശതമാനമാണെന്നു കണ്ടെത്തിയിരുന്നു. അതേസമയം ഗ്രാമപ്രദേശങ്ങളിൽ ഇതു ശരാശരി 36 ശതമാനമാണ്.



പുനരാഖ്യാനം
മഹാഭാരതം-104

# യുധിഷ്ഠിരൻ ഗുരുജനങ്ങളെ പ്രണമിക്കുന്നു

സവ്യസാചി

അനുജന്മാർ വീണ്ടും വീണ്ടും ചോദിച്ചിട്ടും ഒരക്ഷരം മറുപടി പറയാതെ തങ്ങളുടെ നേർക്കടുത്തു വരുന്ന യുധിഷ്ഠിരനെ കണ്ടു കൗരവർ ഉറക്കെ കൂകിപ്പറഞ്ഞു: ഇതെന്തുപറ്റി ധർമജന്? അവൻ പേടിച്ചു വിറച്ചു ഭീഷ്മപിതാമഹന്റെ അടുക്കൽ അഭയം തേടിവരികയാണോ? പടയ്ക്കു നാഥരായി അർജുനനും ഭീമനും നകുലസഹദേവന്മാരുമുള്ളപ്പോൾ ഇവനിത്ര പേടിക്കുന്നതെന്തിന്? ഇവൻ ക്ഷത്രിയവംശത്തിൽ പിറന്നവനല്ലെന്നു തീർച്ച. അല്ലെങ്കിൽ ഇത്ര ഭീരുവാകുമോ?

ഇതോടൊപ്പം അവർ കൗരവരെ പ്രശംസിച്ച് ആർപ്പുവിളിച്ചു. മേല്‌വസ്ത്രങ്ങൾ ഉയർത്തിവീശി ആഹ്ലാദം പ്രകടിപ്പിക്കുകയും ചെയ്തു.

ഇയാൾ ഭീഷ്മരോടെന്താണാവോ പറയാൻ പോകുന്നത്? ഭീഷ്മർ എന്തായിരിക്കും മറുപടി പറയുക? കലിപൂണ്ടു നില്ക്കുന്ന ഭീമനും കൃഷ്ണാർജുനന്മാരുമൊക്കെ ഇയാളെ അനുകൂലിക്കുമോ? കൗരവസൈന്യത്തിനിടയിൽ ഇങ്ങനെയൊക്കെ പലരും തമ്മിൽതമ്മിൽ ചോദിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ യുധിഷ്ഠിരൻ ഭീഷ്മപിതാമഹന്റെ കാല്ക്കൽ കുമ്പിട്ടു പറഞ്ഞു:

പിതാമഹാ, അധൃഷ്യനായ വീരതാതാ, ഞങ്ങൾ അങ്ങയോടെതിർത്തു യുദ്ധം ചെയ്യാൻ പോകുകയാണ്. ഞങ്ങൾക്കു വിജയാശംസകൾ അരുളിയാലും.

രാജാവേ, യുധിഷ്ഠിരാ, കാല്ക്കൽ വീണ കൊച്ചുമകനെ പിടിച്ചെണീല്പിച്ചു കൊണ്ടു ഭീഷ്മർ പറഞ്ഞു: നന്നായി, യുദ്ധത്തിനുമുമ്പു നീ ഇങ്ങനെ വന്നിരുന്നില്ലെങ്കിൽ നിന്നെ ഞാൻ ശപിക്കുമായിരുന്നു. നീ തോല്ക്കുകയും ചെയ്തേനെ. ഉണ്ണീ, ഇപ്പോൾ എനിക്കു സന്തോഷമായി. ഇനി യുദ്ധം ചെയ്യുക. നിന്റെ ആഗ്രഹം എന്തോ, അതു നേടിയെടുക്കുക. നീ എന്നോട് ഇഷ്ടവരം ചോദിക്കുക. നിനക്കു യുദ്ധത്തിൽ പരാജയമുണ്ടാകില്ല. മനുഷ്യൻ സമ്പത്തിന്റെ ദാസനാണ്. സമ്പത്ത് ആരുടെയും ദാസനല്ല. ഞാൻ സമ്പത്തിന്റെ പേരിൽ കൗരവർക്കു കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണു ഞാൻ പൗരുഷം കെട്ട് അർത്ഥഭൃത്യനായിരിക്കുന്നത്. പറയൂ, യുദ്ധം ചെയ്യരുതെന്നതൊഴികെ മറ്റെന്തു വരവും നീ ചോദിച്ചുകൊള്ളുക.

മഹാഭാഗനായ പിതാമഹാ, യുധിഷ്ഠിരൻ പറഞ്ഞു: അങ്ങു കൗരവർക്കുവേണ്ടി യുദ്ധം ചെയ്യുക. എനിക്കു യുദ്ധത്തിൽ ജയിക്കാൻ വരം തരിക.

പറയൂ യുധിഷ്ഠിരാ, വ്യക്തമായി പറയൂ. ഞാൻ അന്യനുവേണ്ടി പൊരുതുന്നു. നിനക്കുവേണ്ടതെന്താണെന്നു പറയൂ.

അങ്ങയെ എങ്ങനെയാണു യുദ്ധത്തിൽ ജയിക്കുക? ഇതാണെനിക്കറിയേണ്ടത്. അങ്ങയെ ജയിക്കാനുള്ള വഴി പറഞ്ഞുതരിക.

യുധിഷ്ഠിരാ, ഭീഷ്മർ പറഞ്ഞു: അങ്ങനെയൊരാളെ ഞാൻ കാണുന്നില്ല. യുദ്ധം ചെയ്യുന്ന എന്നെ ജയിക്കുന്നവനായി. ദേവേന്ദ്രനാണെങ്കിൽ പോലും.

അതേ പിതാമഹാ, എനിക്കറിയാം. അതുകൊണ്ടാണു ഞാൻ അങ്ങയെ ജയിക്കാനുള്ള ഉപായം അങ്ങയോടു തന്നെ ചോദിക്കുന്നത് – യുധിഷ്ഠിരൻ വിനീതനായി

ഉണ്ണി, അതു പറയാൻ സമയമായിട്ടില്ല. എന്റെ പരാജയത്തിനും മരണത്തിനും സമയം അടുത്തിട്ടില്ല. നീ പോയി വീണ്ടും വരിക.

അതു കേട്ടു യുധിഷ്ഠിരൻ പിതാമഹനെ വീണ്ടും കുനിഞ്ഞു വന്ദിച്ചു. പിന്നെ ഗുരു ദ്രോണാചാര്യരുടെ അടുത്തുചെന്ന് അദ്ദേഹത്തെയും കുമ്പിട്ടു വലംവച്ചു. പിന്നെ പറഞ്ഞു:

ഗുരുദേവാ, ഞാൻ അങ്ങേക്കും കൗരവർക്കുമെതിരെ യുദ്ധം ചെയ്യാനൊരുങ്ങുകയാണ്. എനിക്ക് അങ്ങയുടെ അനുവാദത്തോടെ എതിരാളികളെ ജയിക്കണം. അതിന് അങ്ങയുടെ സമ്മതം വാങ്ങാനാണു ഞാൻ വന്നത്.

അപ്പോൾ ഭീഷ്മപിതാമഹൻ പറഞ്ഞ അതേ വാക്കുകൾ തന്നെ ദ്രോണാചാര്യരും പറഞ്ഞു:

യുധിഷ്ഠിരാ, യുദ്ധത്തിനൊരുങ്ങുന്ന നീ എന്റെ അടുക്കൽ വന്നിരുന്നില്ലെങ്കിൽ നീ തോറ്റുപോകട്ടെ എന്നു ഞാൻ ശപിക്കുമായിരുന്നു. നീ സത്യധർമങ്ങളുടെ മൂർത്തിമദ്ഭാവമാണ്. ധൈര്യമായി യുദ്ധം ചെയ്യുക. ശത്രുക്കളെ ജയിക്കുക. ഞാൻ ധനം മൂലം ദുര്യോധനനും അനുജന്മാർക്കും കടപ്പെട്ടുപോയി.

>>

യുദ്ധത്തിൽ നിന്നു പിന്മാറുന്ന തൊഴികെ എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളുക. കൗരവർക്കു വേണ്ടി ഞാൻ യുദ്ധം ചെയ്യും. നിനക്കു വിജയം ആശംസിക്കുകയും ചെയ്യുന്നു.

ആരാധ്യനായ ഗുരുനാഥാ, ബ്രഹ്മർഷേ, അങ്ങു വിധിപോലെ കൗരവർക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളുക. ഞാൻ ഞങ്ങൾക്കു ജയം അപേക്ഷിക്കുക മാത്രമാണു ചെയ്യുന്നത്.

യുധിഷ്ഠിരാ, ദ്രോണാചാര്യർ പറഞ്ഞു: തീർച്ചയായും വിജയം നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ സാരഥി ശ്രീകൃഷ്ണനനാണല്ലോ. എവിടെയാണോ ധർമം അവിടെ കൃഷ്ണനുണ്ടാവും. എവിടെയാണോ കൃഷ്ണൻ അവിടെ ജയമുണ്ടാകും. ഞാൻ നിനക്കു സമ്മതം തരുന്നു. പോവുക, പോയി സർവശക്തിയോടെ യുദ്ധം ചെയ്തു ജയിക്കുക.

എനിക്കൊന്നുകൂടി അറിയണം ഗുരുനാഥാ, ആർക്കും തോല്പിക്കാൻ കഴിയാത്ത, ആരോടും തോറ്റിട്ടില്ലാത്ത, അങ്ങയെ ജയിക്കാനുള്ള ഉപായമെന്താണ്?

ഞാൻ യുദ്ധം ചെയ്യുന്നിടത്തോളം കാലം നിങ്ങൾക്കു ജയമുണ്ടാകില്ല യുധിഷ്ഠിരാ, അതുകൊണ്ട് അനുജന്മാരോടൊപ്പം പൊരുതി എന്നെ എത്രയും വേഗം വധിക്കാൻ ശ്രമിക്കണം.

അയ്യോ മഹാചാര്യാ, ക്ഷമിക്കണേ, ഞങ്ങൾ ഗുരുവധം ചെയ്യ



**ഉണ്ണി, അതു പറയാൻ സമയമായിട്ടില്ല.**
**എന്റെ പരാജയത്തിനും മരണത്തിനും**
**സമയം അടുത്തിട്ടില്ല.**
**നീ പോയി വീണ്ടും വരിക.**

ണമെന്നോ? അതെങ്ങനെ കഴിയും? ഗുരുവധത്തെക്കാൾ വലിയ അപരാധം മറ്റൊന്നുമില്ലല്ലോ. അതു ഞങ്ങൾ ചെയ്യില്ല ഗുരോ, ചെയ്യില്ല.

ഇല്ല യുധിഷ്ഠിരാ, അതു തെറ്റാവില്ല. ഈ ധർമയുദ്ധത്തിൽ വിജയം നേടാൻ മറ്റുള്ളവരുടെ ദൃഷ്ടിയിൽ ശരിയല്ലെന്നു തോന്നുന്ന ചിലതും നിങ്ങൾ ചെയ്യേണ്ടി വരും.

എങ്കിൽ പറയൂ ഗുരുനാഥാ, ഞാൻ കൈകൂപ്പി ചോദിക്കുകയാണ്, എങ്ങനെയാണു ഞങ്ങൾ അങ്ങയെ ജയിക്കേണ്ടത്?

യുധിഷ്ഠിരാ, ഞാൻ യുദ്ധം ചെയ്തു കൊണ്ടു നില്ക്കുമ്പോൾ എന്നെ ആർക്കും ജയിക്കാനാവില്ല. എന്റെ മനസ്സു മടുത്തു ഞാൻ ആയുധം താഴെവച്ചാലേ എതിരാളിക്കെന്റെമേൽ ആയുധം പ്രയോഗിക്കാനാവൂ. വിശ്വാസമുള്ള ആരെങ്കിലും അപ്രിയമായ സത്യം പറഞ്ഞു കേട്ടാൽ ഞാൻ ആയുധം താഴെ വയ്ക്കും. അപ്പോൾ മാത്രമേ നിങ്ങൾക്കെന്നെ വധിക്കാനാവൂ.

അങ്ങനെ തന്നെ എന്നു സമ്മതിച്ചു യുധിഷ്ഠിരൻ ദ്രോണമഹാഗുരുവിനെ വീണ്ടും വീണ്ടും വന്ദിച്ചു യാത്രയായി. പിന്നെ നേരേ പോയതു കൃപാചാര്യരുടെ പക്കലേക്കായിരുന്നു. ദ്രോണാചാര്യർക്കു മുമ്പു കൗരവരെയും പാണ്ഡവരെയും ആയുധവിദ്യ പഠിപ്പിച്ച ഗുരുനാഥൻ. കൃപരെ കുമ്പിട്ടുവണങ്ങിക്കൊണ്ടു യുധിഷ്ഠിരൻ അപേക്ഷിച്ചു: അങ്ങേക്കെതിരെ യുദ്ധം ചെയ്യാൻ സമ്മതം ചോദിക്കുന്നു. അനുമതി തരണേ. മാത്രവുമല്ല, അങ്ങയുടെ അനുവാദത്തോടെ യുദ്ധത്തിൽ ശത്രുക്കളെ ജയിക്കാൻ അനുഗ്രഹവും അപേക്ഷിക്കുന്നു.

നന്നു യുധിഷ്ഠിരാ, നന്ന്. കൃപാചാര്യർ സന്തുഷ്ടിയോടെ പ്രതിവചിച്ചു. ഇപ്പോൾ നീ വന്നില്ലായിരുന്നെങ്കിൽ തോറ്റു പോകട്ടെയെന്നു നിന്നെ ഞാൻ ശപിക്കുമായിരുന്നു. ഞാനും ധനം മൂലം ദുര്യോധനനു കടപ്പെട്ടുപോയിരിക്കുന്നു. അവനുവേണ്ടി ഞാൻ യുദ്ധം ചെയ്യും. അതൊഴിച്ചു മറ്റെന്തു വേണമെങ്കിലും ചോദിച്ചോളൂ.

മഹാചാര്യാ, ക്ഷമിക്കണേ. എന്റെ വാക്കു കേട്ടാലും. ഇത്രയും പറഞ്ഞു പിന്നെ തുടരാനാവാതെ യുധിഷ്ഠിരൻ നിരുദ്ധകണ്ഠനായി നിന്നുപോയി.

തന്റെ പ്രിയ ശിഷ്യന്റെ ഉള്ളിലിരുപ്പെന്താണെന്നു മനസ്സിലാക്കിയ കൃപാചാര്യർ പറഞ്ഞു: രാജാവേ യുദ്ധിഷ്ഠിരാ, എനിക്കറിയാം നിനക്കെന്താണു വേണ്ടതെന്ന്. യുദ്ധത്തിൽ ഞാനും അവധ്യനാണ്. നിർഭയനായി ക്ഷത്രിയവീര്യത്തോടെ യുദ്ധം ചെയ്തു കൊള്ളൂ. നിനക്കു ജയമുണ്ടാകും. നീ വന്നതു കൊണ്ട് എനിക്കു സന്തോഷമായി. നിന്റെ വിജയത്തിന് എന്റെ പ്രാർത്ഥനകൾ ഉണ്ടാകും, സത്യം.

**ഭീഷ്മർ പറഞ്ഞു:**

അർത്ഥസ്യ പുരുഷോ ദാസോ
ദാസത്യർത്ഥോ ന കസ്യാചിത്
ഇതി സത്യം മഹാരാജ,
ബദ്ധോഽസ്മ്യർത്ഥേന കൗരവൈ:

*(രാജാവേ, മനുഷ്യർ ധനത്തിന്റെ ദാസരാണ്. ധനം ആരുടെയും ദാസനല്ല. ഇതാണു സത്യം. ഞാൻ ധനം മൂലം കൗരവർക്കു കടപ്പെട്ടിരിക്കുന്നു.)*

പിന്നെ, ധർമപുത്രൻ ശല്യരുടെ അടുത്തെത്തി. മാദ്രരാജാവ്. നകുലസഹദേവന്മാരുടെ അമ്മ മാദ്രിയുടെ സഹോദരൻ. അവരെപ്പോലെ യുധിഷ്ഠിരനും അമ്മാവൻ. ചെന്നപാടേ വലം വച്ചു കുമ്പിട്ടു ശല്യരോടും അപേക്ഷിച്ചു: രാജാവേ, അങ്ങേക്കെതിരെ യുദ്ധം ചെയ്യാൻ അനുവാദം ചോദിക്കുന്നു. അനുമതി തന്നാലും. അങ്ങയുടെ അനുഗ്രഹത്തോടെ ശത്രുക്കളെ ജയിക്കാൻ ഇടയാകണം.

അതുകേട്ടു സന്തുഷ്ടനായ ശല്യർ പറഞ്ഞു: യുധിഷ്ഠിരാ, നീ വന്നതു നന്നായി. എനിക്കു സന്തോഷമായി. നീ ഇപ്പോഴെങ്കിലും വന്നിരുന്നില്ലെങ്കിൽ നിങ്ങളെ ഞാൻ ശപിച്ചേനെ. ധീരതയോടെ, നിർഭയനായി പോർക്കളത്തിലിറങ്ങൂ. വിജയമുണ്ടാകും. ഞാൻ ധനത്തിന്റെ പേരിൽ കൗരവർക്കു കടപ്പെട്ടവനാണ്. അവർക്കുവേണ്ടി ആയുധമെടുക്കാൻ നിർബന്ധിതനാണ്. യുദ്ധത്തിനിറങ്ങരുത് എന്നതൊഴിച്ചു മറ്റെന്തും ചോദിച്ചുകൊള്ളൂ.

ധർമപുത്രർ ഒരു വരം കൂടി ചോദിച്ചു: മഹാരാജാ, യുദ്ധത്തിൽ ഞങ്ങളുടെ ജയം ഉറപ്പാക്കാൻ അങ്ങു കർണനെ തേജോവധം ചെയ്യണം. അയാളുടെ ആത്മവിശ്വാസം കെടുത്തിക്കളയണം.

ശരി യുധിഷ്ഠിരാ, സമ്മതിച്ചിരിക്കുന്നു. നിന്റെ ഇഷ്ടം നിറവേറ്റിത്തരുന്നുണ്ട്. കാത്തിരിക്കുക.

യുധിഷ്ഠിരൻ ചരിതാർത്ഥനായി പാണ്ഡവപാളയത്തിലേക്കു മടങ്ങി. പടകൾക്കു നടുവിലെത്തിയപ്പോൾ അദ്ദേഹം കൗരവർക്കു നേരേ തിരിഞ്ഞുനിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു: കൗരവപക്ഷത്തുള്ളവരേ, കേൾക്കുക. ജീവനിൽ കൊതിയുള്ളവരാരെങ്കിലുമുണ്ടെങ്കിൽ അവരോടു ഞാൻ ആവശ്യപ്പെടുന്നു, ഞങ്ങളോടൊപ്പം പോരിക. അവരെ ഞങ്ങൾ സംരക്ഷിക്കാം.

അപ്പോൾ കൗരവർക്കിടയിൽ നിന്നു യുയുത്സു മുന്നോട്ടു വന്നു. ധൃതരാഷ്ട്രർക്ക് ഒരു ദാസിപ്പെണ്ണിൽ ജനിച്ച പുത്രൻ. യുധിഷ്ഠിരസമീപമെത്തി അയാൾ ചോദിച്ചു: മഹാരാജാവേ,ഞാൻ വരട്ടെയോ? അങ്ങേക്കുവേണ്ടി ധൃതരാഷ്ട്രപുത്രന്മാരോടു പൊരുതാൻ ഞാൻ തയ്യാറാണ്. എന്നെ സ്വീകരിക്കുമോ?

തീർച്ചയായും, ധർമപുത്രർ വാഗ്ദാനം ചെയ്തു. നിന്നെ ഞങ്ങൾ സ്വീകരിക്കുന്നു. നൂറു മക്കളും യുദ്ധത്തിൽ നഷ്ടപ്പെടുന്ന ധൃതരാഷ്ട്രർക്കു ശ്രാദ്ധകർമം ചെയ്യാനുള്ള കടമ നിനക്കായിരിക്കും.

അപ്പോൾ പാണ്ഡവ പക്ഷത്ത് ആഹ്ലാദാവേശം തിരതല്ലി. ആർപ്പുവിളികൾ ആകാശംമുട്ടെ ഉയർന്നു. ശംഖുകളും പെരുമ്പറകളും നിർത്താതെ മുഴങ്ങി.

*(തുടരും)*




സിപ്പിയങ്കിളും കുട്ട്യോളും

# മരണശിക്ഷയ്ക്കു തൊട്ടു മുൻപും ജ്ഞാനതൃഷ്ണ

*പ്രിയ കൂട്ടുകാരേ,*

അറിവു നേടാനുള്ള മനുഷ്യന്റെ ആഗ്രഹത്തിന് അതിരില്ല. അതു ജീവിതാന്ത്യം വരെ തുടർന്നുകൊണ്ടേയിരിക്കുമെന്നു വിഖ്യാത റഷ്യൻ ചിന്തകനും എഴുത്തുകാരനുമായ ലിയോ ടോൾസ്റ്റോയ് സൂചിപ്പിച്ചിട്ടുണ്ട്. പക്ഷേ, ജീവിതാന്ത്യം വരെ പരിശ്രമിച്ചാലും വിജ്ഞാന സാഗരത്തിന്റെ ഒരു തുള്ളി മാത്രമേ നമുക്കു നുണയാൻ കഴിയൂ.

അറിവുകൾ പലതരമുണ്ട്. അനുഭവങ്ങളിൽ നിന്നുള്ള അറിവ്, പുസ്തകങ്ങളിൽ നിന്നുള്ള അറിവ്, ഗുരുജനങ്ങളിൽ നിന്നുള്ള അറിവ്, മാതാപിതാക്കളിൽ നിന്നുള്ള അറിവ്, പ്രകൃതിയിൽ നിന്നുള്ള അറിവ്, പക്ഷിമൃഗാദികളിൽ നിന്നുള്ള അറിവ്, മതപരമായ അറിവ്, നാട്ടറിവ്, വീട്ടറിവ് എന്നിങ്ങനെ അവയുടെ പട്ടിക നീണ്ടുപോകുന്നു.

എട്ടുകാലിയുടെ പ്രയത്നശീലവും, തേനീച്ചകളുടെ സമ്പാദ്യശീലവും, ഉറുമ്പുകളുടെ കൂട്ടായ്മയുമൊക്കെ നാം സഹജീവികളിൽ നിന്നു പഠിക്കുന്ന വലിയ അറിവുകളാണ്. നമ്മുടെ ജീവിത വിജയത്തിന് ഇത്തരം അറിവുകൾ കൂടിയേ തീരൂ.

ഗ്രീക്കു തത്വചിന്തകനായിരുന്ന സോക്രട്ടീസിനെക്കുറിച്ചു നിങ്ങൾ കേട്ടിട്ടില്ലേ? മരണവും കാത്തുകൊണ്ടു വളരെക്കാലം അദ്ദേഹത്തിനു ഗ്രീസിലെ ജയിലിൽ കിടക്കേണ്ടതായി വന്നു. ഏതു നിമിഷവും കൊല്ലപ്പെടാം എന്ന അവസ്ഥയിലായിരുന്നു കിടപ്പ്.

ഇതിനിടയിൽ അദ്ദേഹത്തോടൊപ്പം കഴിഞ്ഞിരുന്ന ഒരു ജയിൽപുള്ളി അർത്ഥവത്തായ ഒരു പദ്യം ചൊല്ലുന്നതു സോക്രട്ടീസ് കേട്ടു. സോക്രട്ടീസിന് അതു വളരെ ഇഷ്ടമായി. അദ്ദേഹം ചോദിച്ചു. "സഹോദരാ, വളരെ ഹൃദ്യമായ ഒരു പദ്യമാണല്ലോ താങ്കൾ ചൊല്ലുന്നത്. അത് ഒരിക്കൽ കൂടി കേൾക്കാൻ എനിക്കു കൊതിയാവുന്നു, ഒന്നു ചൊല്ലാമോ?"

ഇതുകേട്ട് ആ തടവുകാരന് ചിരിവന്നു. അയാൾ പരിഹാസരൂപത്തിൽ ചോദിച്ചു: എന്റെ പൊന്നു ചങ്ങാതി, താങ്കൾ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടുകഴിയുന്ന ആളല്ലേ? ഇനിയും ഇതൊക്കെ കേട്ടിട്ട് എന്തു പ്രയോജനം?

തീർച്ചയായും പ്രയോജനമുണ്ട്. താങ്കളുടെ പദ്യത്തിൽ നിന്നു ഞാൻ ഒരു പുതിയ അറിവു നേടിയിരിക്കുകയാണ്. ആ അറിവു മനസ്സിൽ ഒന്നുകൂടി ഉറപ്പിക്കാനാണു വീണ്ടും അതു ചൊല്ലാൻ ആവശ്യപ്പെട്ടത്. ഓരോ പുതിയ അറിവും മനസ്സിന് ആനന്ദവും ഉന്മേഷവും ഉണ്ടാക്കുന്നതാണ്. ആ ജ്ഞാനതൃഷ്ണ ഞാൻ അന്ത്യനിമിഷം വരെ കാത്തുസൂക്ഷിക്കും! – സോക്രട്ടീസ് അറിയിച്ചു.

സോക്രട്ടീസിന്റെ ഈ വാക്കുകൾ നമുക്കും പാഠമാണ്. ഓരോ നിമിഷവും നാം പുതിയ അറിവു നേടിക്കൊണ്ടിരിക്കണം. അറിവിനുവേണ്ടിയുള്ള അന്വേഷണത്തിന് അതിരില്ല. ആ അന്വേഷണമാണു പല പുതിയ കണ്ടുപിടുത്തങ്ങൾക്കും ചിന്തകൾക്കും വഴിയൊരുക്കുന്നത്.

*സസ്നേഹം,* **സിപ്പിയങ്കിൾ**

## അക്ഷരഗാനം — മി



**മി**ന്നിത്തെളിയും താരകളും
**മി**ന്നിപ്പൊലിയും പിണരുകളും
**മി**ന്നാമിന്നിയുമീമണ്ണിൽ
**മി**ന്നുകെട്ടിപ്പുണരുന്നു !

മാത്യു കാരാംവേലി




ഡോ. ഗോപാലകൃഷ്ണ കാരണവർ

**മൂ**ഷ് മാളുവിനോടു പറഞ്ഞു: ഇനി മുതൽ നിന്റെ പേരു സ്വർണം എന്നാണ്.

എന്താണീ സ്വർണം?

പൊന്ന്.

ഇനി പൊന്ന് എന്തെന്നു പറഞ്ഞുതരൂ.

ലോകത്ത് ഇന്ന് ഏറ്റവും വിലപിടിപ്പുള്ള വസ്തു.

ഏതു ലോകത്ത്? ഞാൻ ലോകം കണ്ടിട്ടില്ല. കുട്ടിയായിരുന്നപ്പോൾ ഇരുമ്പു കൂട്ടിൽ അച്ഛനമ്മമാരുടെ കൂടെ കഴിയാൻ തുടങ്ങിയതാണ്, അതായിരുന്നു എന്റെ ലോകം. ഇപ്പോൾ അങ്ങയുടെ സാമർത്ഥ്യം കൊണ്ട് ആ ലോകത്തു നിന്നും നിർമലമായ, ശാന്തമായ, സ്വതന്ത്രമായ ഒരു ലോകത്തു വന്നു. പോരെങ്കിൽ ഈ ലോകത്തു ഞാൻ അങ്ങയോടൊപ്പമാണ്. അതാണ് ഏറ്റവും വിശിഷ്ടം. സ്വർണത്തെക്കാൾ വില അങ്ങേക്കാണ്.

മൂഷ് കുസൃതി പറഞ്ഞു: പുതിയ പേര് ഇഷ്ടപ്പെട്ടില്ലെങ്കിൽ ഞാൻ അതു വിളിക്കില്ല.

മാളു വേഗം പറഞ്ഞു: അയ്യോ! ക്ഷമിക്കണം. എനിക്ക് ആ പേര് ഇഷ്ടമായി. അങ്ങു തരുന്നതെന്തും എനിക്ക് ഇഷ്ടമാണ്. എന്റെ ജീവൻ തന്നെ അങ്ങയുടേതാണ്.

മൂഷിനു സന്തോഷമായി. നേരം വളരെ വൈകിയിരുന്നു. ഇരുവർക്കും ഉറക്കം വന്നില്ല. അറയുടെ പുറത്തു കടന്ന് ഒന്നു കറങ്ങിയാലോ? മൂഷ് ആലോചിച്ചു. തന്റെ ചില സ്നേഹിതന്മാരെ പരിചയപ്പെടുത്തികൊടുക്കാം സ്വർണത്തിന്. രണ്ടുപേരും സാവധാനം മാളത്തിനു പുറത്തു കടന്നു. ചുറ്റും നോക്കി; മുകളിലേക്കു നോക്കി. ആരൊക്കെയുണ്ട് അവിടെ. മൂഷ് തെരഞ്ഞു. സൂര്യനെ കണ്ടില്ല, ചന്ദ്രനെയും! ചന്ദ്രൻ നേരത്തെ പോയിക്കഴിഞ്ഞു. അമാവാസി കഴിഞ്ഞിട്ട് ഏഴു ദിവസമല്ലേ ആയുള്ളു. ഇരുട്ടിനെ കണ്ടു. കാറ്റിന്റെ കുളിർമ, അതു മാളുവിന് ഇഷ്ടപ്പെട്ടു. മഴയെ കണ്ടില്ല. വിടരാൻ വെമ്പിനില്ക്കുന്ന പൂക്കളെ കണ്ടു. പുതിയ അതിഥിയെ കണ്ടു പൂവു വണങ്ങി. കാറ്റു പൂവിന്റെ ചെവിയിൽ മന്ത്രിച്ചു. നാളെ മൂഷിന്റെ വിവാഹമാണ്. കൂടെയുള്ള സുന്ദരിക്കുട്ടി മാളുവെന്ന സ്വർണമാണു വധു! പൂവിനു സന്തോഷമായി. കല്യാണശേഷം മധുവുണ്ണാൻ വരണമെന്നു പൂവു ക്ഷണിച്ചു, രണ്ടുപേരെയും.

നേരംപോയതറിഞ്ഞില്ല. അങ്ങുദൂരെ ചുവപ്പുനിറം കണ്ടുതുടങ്ങി. സൂര്യന്റെ കതിരൊളി പരക്കുകയായിരുന്നു. രാത്രിയുടെ അവസാനവും. മാളത്തിലേക്കു മടങ്ങേണ്ട സമയമായി. താമസിച്ചാൽ ക്ഷുദ്രജീവികളായ മനുഷ്യർ പുറത്തുവരും. കൂടെ നായ് എന്ന നന്ദികെട്ടവനും ഉണ്ടാകും. പിന്നെ മൂഷിനും സ്വർണത്തിനും അപകടമാണ്. രണ്ടുപേരും മാളത്തിലേക്കു കയറി.

മാളത്തിലുള്ളവർ തകൃതിയായി പണിചെയ്യുകയായിരുന്നു. ആഹാരം തയ്യാറാക്കാനുമുണ്ട്. പുലരുന്നതു മൂഷിന്റെ കല്യാണദിവസമാണല്ലോ!

അമ്മ ചോദിച്ചു : മോനേ മൂഷ്, അച്ഛനും മറ്റും എവിടെപ്പോയി?

അച്ഛനും മാളുവിന്റെ അച്ഛനും കൂടി പുറത്തുപോയി. കല്യാണത്തിനാവശ്യമായ സ്വർണം വാങ്ങാനാണു പോയിരിക്കുന്നതെന്നു തോന്നുന്നു. സ്വർണം വാങ്ങരുതെന്നു ഞാൻ പറഞ്ഞു. സ്വർണം ഇവിടെയുണ്ട് മൂഷ് പറഞ്ഞു.

അമ്മയ്ക്ക് അത്ഭുതമായി. എവിടെ നിന്നും കിട്ടി സ്വർണം നിനക്ക്? നീ അതൊക്കെ നേരത്തെ കരുതിവച്ചിട്ടുണ്ടോ?

ഇല്ലമ്മേ ഇന്നലെയാണു കിട്ടിയത്.

അമ്മയ്ക്കു കൗതുകമായി. എവിടെ നിന്നും കിട്ടി സ്വർണം? ഇപ്പോൾ ഭയങ്കര വിലയാണ്. എവിടെ സ്വർണം! ഞാൻ കൂടി കാണട്ടെ!

മൂഷ് വിളിച്ചു "സ്വർണം" ഇങ്ങോട്ടു വരൂ. മാളു അമ്മയുടെ മുൻപിലേക്കു നീങ്ങിനിന്നു. ഇവളാണു സ്വർണം. ഞാൻ കൊടുത്ത പുതിയ പേരാണ്. മൂഷ് ചിരിച്ചുകൊണ്ടു പറഞ്ഞു.

അമ്മയ്ക്കു സന്തോഷമായി. മിടുക്കാ, നീ കൊടുത്ത പേരു കൊള്ളാം. എന്റെ മരുമകൾ സാക്ഷാൽ സ്വർണം തന്നെയാണ്. പേര് എനിക്ക് ഇഷ്ടപ്പെട്ടു.

സൂര്യൻ ഉദിച്ചുയർന്നു. മനുഷ്യർക്കു പകൽ. മൂഷികർക്കോ? മാളത്തിൽ തന്നെ കഴിയേണ്ട സമയം. അടുത്തുള്ള മാളങ്ങളിലെ ബന്ധുക്കളെല്ലാം എത്തി. പെൺ മൂഷികർ എല്ലാംകൂടി വധുവിനെ കാണാൻ കൂടി. എല്ലാവർക്കും മാളുവിനെ ഇഷ്ടപ്പെട്ടു. പക്ഷേ, ആടയാഭരണങ്ങളുടെ കാര്യത്തിൽ ആരും തൃപ്തരായിരുന്നില്ല. അപ്പോൾ മൂഷിന്റെ അമ്മ അവിടെയെത്തി. എല്ലാവരും നിശ്ശബ്ദരായി.

*(തുടരും)*

കവിത

## എന്റെ പ്രിയൻ



ഭൂമിദേവിയിരുൾപുത-
ച്ചുറങ്ങും നേരം
കൂട്ടരൊത്തു വന്മരത്തി-
ന്നുയർന്ന കൊമ്പിൽ
മിന്നിമായും ദീപമാല
ഒരുക്കുന്നോനേ
നീയെനിക്കു പ്രിയനെന്നും
മിന്നാമിനുങ്ങേ!

ടി.കെ.മാറിയിടം




# ഹൈറേഞ്ച് വിനോദസഞ്ചാരികളുടെ സ്വപ്നഭൂമി

### കുളമാവ് ഡാം

ചെറുതോണി ഡാമിനു മുൻപായി കാടിനു നടുവിൽ കെട്ടിയിരിക്കുന്ന മറ്റൊരു ഡാമാണിത്. വിശാലമായി പരന്നു കിടക്കുന്ന ഈ ഡാമും സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. ഡാമിൽ വെള്ളം കുറയുമ്പോൾ പ്രത്യക്ഷപ്പെടുന്ന മൊട്ടക്കുന്നുകൾ ഏറെ ആകർഷകമാണ്.

### അള്ളുപാറ

കുടപോലെ നിവർന്നു നില്ക്കുന്ന പാറയാണ് ഇവിടത്തെ പ്രത്യേകത. ഇടുക്കി അണക്കെട്ടിനോടു ചേർന്നിരിക്കുന്ന ഈ പാറ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നു.

### അഞ്ചുരുളി

ഇടുക്കി ജലാശയത്തിൽ അഞ്ച് ഉരുളികൾ കമഴ്ത്തി വച്ചപോലെ തോന്നിക്കുന്ന കുന്നുകൾ ഉള്ളതുകൊണ്ടാണ് അഞ്ചുരുളി എന്ന് ഈ സ്ഥലത്തിനു പേരുവന്നത്. പ്രകൃതി സർവാലങ്കാരഭൂഷിതയായി അണിഞ്ഞൊരുങ്ങി നില്ക്കുന്ന അഞ്ചുരുളി ആരെയും ആകർഷിക്കും. കുളമാവിൽ നിന്നു ബോട്ട്സർവീസ് ആരംഭിച്ചാൽ മുക്കാൽ മണിക്കൂർകൊണ്ട് അഞ്ചുരുളിയിലെത്താം. ഇടുക്കിയിൽ നിന്നു മുപ്പതുകിലോമീറ്റർ അകലെയാണ് ഈ സ്ഥലം. കല്യാണത്തണ്ടു മല തുരന്ന് ഇടുക്കിഡാമിലേക്ക് ഒഴുകിയെത്തുന്ന വെള്ളച്ചാട്ടവും നമുക്കിവിടെ കാണാം. മല തുരന്നു നിർമിച്ചിരിക്കുന്ന ടണലിലൂടെ നോക്കുമ്പോൾ ഒരു പൊട്ടുപോലെ ടണലിന്റെ മറുവശം കാണുന്ന കാഴ്ച ഒരുപക്ഷേ മറ്റൊരിടത്തും കാണാത്തതാവാം. ടണലിനുള്ളിൽ കൊഞ്ച്, ചെമ്മീൻ തുടങ്ങിയവയുടെ ശേഖരമുള്ളതായി തദ്ദേശീയർ ഞങ്ങളോടു പറഞ്ഞു.


അഞ്ചുരുളി

### പാൽക്കുളം മേട്

കൊച്ചിയുടെയും ആലപ്പുഴയുടെയും സൗന്ദര്യം നോക്കിക്കാണാവുന്ന സ്ഥലമാണിത്. മേടിനു മുകളിൽ പത്തേക്കർ സ്ഥലം പീഠഭൂമിപോലെ കിടക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 3125 അടി ഉയരത്തിലാണ് ഈ സ്ഥലം.

### കാൽവരിമൗണ്ട്

ഇടുക്കിയിൽ നിന്ന് 10 കി.മീ. സഞ്ചരിച്ചാൽ പ്രശസ്തമായ ഈ തീർത്ഥാടനകേന്ദ്രത്തിലെത്താം. രാമക്കൽമേട്ടിലെപ്പോലെ ശക്തിയായി തണുത്ത കാറ്റുവീശുന്ന, പ്രകൃതിരമണീയമായ പുല്മേടുകൾ ആണ് ഇവിടത്തെ പ്രത്യേകത. ദൂരെ വിശാലമായ ഇടുക്കി ജലാശയത്തിന്റെ മനോഹരമായ ദൃശ്യം. ഇക്കോ ടൂറിസം പദ്ധതി നിലവിലുണ്ട്.

### തുമ്പച്ചി

തൊടുപുഴ-ചെറുതോണി റൂട്ടിൽ വിനോദസഞ്ചാരികളെയും തീർത്ഥാടകരെയും ഏറെ ആകർഷിക്കുന്ന സ്ഥലമാണ് തുമ്പച്ചി കുരിശുമല. തുമ്പച്ചിയിൽ നിന്നു നോക്കിയാൽ താഴെ വിശാലമായ ഹരിതഭൂമിയും കാഞ്ഞാർ പുഴയും മൂലമറ്റം ടൗണും


കുളമാവ് പാറമട

കുടയത്തൂർ മലനിരകളും കാണാം. മനോഹരമായ ഒരു ചെറിയദേവാലയവും ബൈബിളിൽ പറയുന്ന പ്രധാന സംഭവങ്ങളെ അനാവരണം ചെയ്യുന്ന ശില്പങ്ങളും ഇവിടെയുണ്ട്. ഉച്ചസമയത്തുപോലും ചൂടറിയില്ലാത്ത വിധം തണുത്ത കാറ്റു വീശുന്ന സ്ഥലമാണിത്.

### ഇലവീഴാപൂഞ്ചിറ

തൊടുപുഴയിൽ നിന്ന് 15 കി.മീ. മൂലമറ്റം റൂട്ടിൽ സഞ്ചരിച്ചാൽ കാഞ്ഞാറിലെത്താം. ഇലവീഴാപൂഞ്ചിറയിലേക്കു കാഞ്ഞാർ നിങ്ങളെ യത്രയാക്കും. കുന്നുകളാൽ ചുറ്റപ്പെട്ട സ്ഥലമാണിത്. ചുറ്റുമുള്ള മങ്കുന്ന്, കുടയത്തൂർമല, തോണിപ്പാറ എന്നീ കുന്നുകൾ ട്രക്കിങ്ങിനു പറ്റിയ സ്ഥലമാണ്.

പാണ്ഡവരുടെ വനവാസകാലത്തു പാഞ്ചാലി ഇവിടെയുള്ള കുളത്തിൽ കുളിച്ചു എന്ന് ഐതിഹ്യമുണ്ട്. കുളത്തിലേക്ക് ഒരിലപോലും വീഴാറില്ലായിരുന്നുവെന്നതാണ് ഇലവീഴാപൂഞ്ചിറ എന്ന സ്ഥലനാമത്തിനാധാരമായി പറയുന്നത്. ഇലവീഴാപൂഞ്ചിറയിൽ മഴപെയ്യുമ്പോൾ വിനോദസഞ്ചാരികളുടെ മനസ്സിൽ കവിത ജനിക്കുമത്രേ.



തൊമ്മൻകുത്ത് വെള്ളച്ചാട്ടം

### പച്ചിലാംകുന്ന്

തൊടുപുഴ-മൂലമറ്റം റൂട്ടിൽ മുട്ടം കാക്കൊസ് ജംഗ്ഷനിൽ നിന്ന് ഒരു കി.മീ. സഞ്ചരിച്ചാൽ പച്ചിലാംകുന്നിലെത്താം. പച്ചവിരിച്ചുകിടക്കുന്ന മൊട്ടക്കുന്നുകളും കുടയത്തൂർ മലനിരകളും മലങ്കരഡാമും കൊച്ചുകൊച്ചു തടാകങ്ങളുടെ ദൃശ്യഭംഗിയിൽ ചെറിയ ദ്വീപുകൾപോലെ ശോഭിക്കുന്ന പച്ചത്തുരുത്തുകളും പച്ചിലാംകുന്നിന്റെ ദൃശ്യവിസ്മയങ്ങളിൽ പെടുന്നു. ടൂറിസം മാപ്പിൽ ഇടംപിടിക്കാത്ത, അവഗണന നേരിടുന്ന സ്ഥലമാണിത്. പച്ചിലാംകുന്നിന്റെ നെറുകയിൽ നില്ക്കുമ്പോൾ കേരളത്തിൽ ഇത്രയും മനോഹരമായ ഒരു സ്ഥലമുണ്ടായിട്ട് എന്തുകൊണ്ട് ആരും ശ്രദ്ധിക്കുന്നില്ല എന്ന ചോദ്യം മനസ്സിലുയരും.

### മലങ്കരഡാം

തൊടുപുഴയിൽ നിന്ന് 6 കി.മീ അകലെയാണു മലങ്കര ഡാം. വിശാലമായ ഈ ജലാശയത്തിൽ ബോട്ടിങ്ങ് സൗകര്യമുണ്ട്. ഡാമിൽ നിന്ന് 6 കി.മീ. മാറി മലകയറ്റത്തിനു പറ്റിയ കുടയത്തൂർമല സ്ഥിതിചെയ്യുന്നു.

**തയ്യാറാക്കിയത്**

**ഡോ.ജോഷിവർഗീസ്**
**സാജു.എം.സെബാസ്റ്റ്യൻ**
**ജെയ്സ് മെർലിൻ**

### തേൻമാരിക്കുത്ത്

തൊടുപുഴ താലൂക്കിലെ ഉടുമ്പന്നൂർ പഞ്ചായത്തിലെ വേളൂരിലാണ് ഈ വെള്ളച്ചാട്ടം. മനസ്സിൽ തേൻമാരി ചെയ്യുന്ന അനുഭവമാണ് ഇവിടെ വെള്ളച്ചാട്ടം കണ്ടുനില്ക്കുന്നവരിലുണ്ടാകുക. വേളൂരിൽ സർക്കാർ വക തേക്കുകൂപ്പ് ഉണ്ട്. തൊടുപുഴയിൽ നിന്ന് ഏകദേശം 18 കി.മീ. അകലെയാണു തേൻമാരിക്കുത്ത്.

### തൊമ്മൻകുത്ത്

സഞ്ചാരികളുടെ മനംമയക്കുന്ന സ്ഥലമാണിത്. തൊടുപുഴയിൽ നിന്ന് 20 കി.മീ. മഞ്ഞിന്റെ നേർത്ത ആവരണമണിഞ്ഞു നില്ക്കുന്ന മലനിരകളും ചെറുതും വലുതുമായ പാറക്കൂട്ടങ്ങളും അനവധി ഗുഹകളും തൊമ്മൻകുത്തിനെ വിനോദസഞ്ചാരികൾക്കു പ്രിയങ്കരമാക്കുന്നു. 'വെള്ളച്ചാട്ടങ്ങളുടെ നാട്' എന്നു തൊമ്മൻകുത്തിനെ വിശേഷിപ്പിക്കാം. തൊമ്മൻകുത്ത്, പളുങ്കൽകുത്ത്, കൂവമലക്കുത്ത്, തെക്കൻതോണിക്കുത്ത്, കടച്ചിയാർക്കുത്ത്, ഏഴുനിലക്കുത്ത് എന്നിങ്ങനെയാണ് ഇവിടത്തെ പ്രധാന വെള്ളച്ചാട്ടങ്ങൾ അറിയപ്പെടുന്നത്. പലതട്ടുകളിലായി വെള്ളം താഴേക്കു പതിക്കുന്നതുകൊണ്ടാണ് ഏഴുനിലക്കുത്ത് എന്നു പഴമക്കാർ ഈ വെള്ളച്ചാട്ടത്തിനു പേരിട്ടത്.

ഇവിടെയെത്തുന്ന വിനോദസഞ്ചാരികൾക്ക് വനത്തിനുള്ളിൽ താമസിക്കാനുള്ള ഏറുമാടവും ട്രക്കിങ്ങ്പാത്തുമുണ്ട്. തൊമ്മൻകുത്ത് പുഴയിലെ ആദ്യത്തെകുത്തിനു താഴെ ബോട്ടിങ്ങ് സൗകര്യമുണ്ട്. മൂവാറ്റുപുഴയിൽ നിന്ന് പോത്താനിക്കാട്-വണ്ണപ്പുറം വഴി 34 കിലോമീറ്റർ സഞ്ചരിച്ചാൽ ഇവിടെയെത്താം.

*(തുടരും)*



ഇലവീഴാപൂഞ്ചിറ

## ഇടുക്കി ജില്ലാ പാക്കേജ്

# ഇടതുസർക്കാർ നിലപാടു കർഷക വഞ്ചന

**റോഷി അഗസ്റ്റിൻ എം.എൽ.എ**



ഇടുക്കി പാക്കേജു നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ കാട്ടുന്ന അലംഭാവം ജില്ലയിലെ കർഷകരോടുള്ള കടുത്ത അവഗണനയ്ക്കു തെളിവാണെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി റോഷി അഗസ്റ്റിൻ എം.എൽ.എ. കുറ്റപ്പെടുത്തി. കേരളാ കോൺഗ്രസ് (എം) ഉടുമ്പൻചോല നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള 'സമൃദ്ധകേരളം സംതൃപ്തകേരളം' വികസന സെമിനാർ നെടുംകണ്ടത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിയോജകമണ്ഡലം പ്രസിഡണ്ട് ജോസ് പാലത്തിനാൽ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡണ്ട് ജോണി പൂമറ്റം, ജോസ് പൊട്ടംപ്ലാക്കിൽ, കെ.എൻ.മുരളി, തോമസ് തെക്കേൽ, പി.കെ.സദാശിവൻ, ജോസ്.റ്റി.ആൽപ്പൂത്ര, ടി.വി.ജോസുകുട്ടി, ജോസുകുട്ടി കണ്ണമുണ്ട, ജിൻസൺ വർക്കി, ജിൻസൺ പൗവ്വത്ത്, ജോയി കിഴക്കേപറമ്പിൽ, ജയിംസ് കത്തിലാങ്കൻ, സിനു വാലുമ്മേൽ, ജോൺസൺ കൊച്ചുപറമ്പിൽ, ജയിംസ് പേണ്ടാനം, മാത്യു വാതല്ലൂർ, സിബിച്ചൻ ജേക്കബ്, കുര്യാക്കോസ് ചിന്താർമണി, വർഗീസ് ആറ്റുപുറം, എൻ.ജെ.ചാക്കോ, അപ്പച്ചൻ കണ്ടത്തിൽ, കെ.ജെ.തോമസ്, വർക്കി കണ്ണാക്കുഴി, നൗഷാദ് ആലുമൂട്ടിൽ, എം.കെ.മാത്യു, അപ്പുക്കുട്ടൻ കുട്ടപ്പൻ, ലില്ലിക്കുട്ടി ആന്റണി, ജോസഫ് തോണക്കര, സാബു മണിമലക്കുന്നേൽ, കെ.ആർ. സോമൻ എന്നിവർ പ്രസംഗിച്ചു. ◘

# കേരളാ കോൺഗ്രസ് (എം) ലക്ഷ്യം സമഗ്രവികസനം

**ജോണി പൂമറ്റം**



കേരള വികസനത്തിന് ഒരു പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടു ഭക്ഷ്യസുരക്ഷ മാലിന്യനിർമാർജനം, ടൂറിസം വികസനം ജലസുരക്ഷ, പാർശ്വവത്കൃത ജനതയുടെ പുരോഗതി ജൈവകൃഷി പ്രോത്സാഹനം യുവജനക്ഷേമം തുടങ്ങിയവയാണു കേരളാ കോൺഗ്രസ് (എം) ലക്ഷ്യമാക്കുന്നതെന്നു കേരളാ കോൺഗ്രസ് (എം) ഇടുക്കി ജില്ലാ പ്രസിഡണ്ട് ജോണി പറഞ്ഞു. പാർട്ടി നെടുങ്കണ്ടം കമ്മിറ്റി സംഘടിപ്പിച്ച 'സമൃദ്ധകേരളം സംതൃപ്തകേരളം' വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ഡലം പ്രസിഡണ്ട് സിബിച്ചൻ പുതുപ്ലാക്കൽ അധ്യക്ഷത വഹിച്ച യോഗം പാർട്ടി ജില്ലാ പ്രസിഡണ്ട് ജോണി പൂമറ്റം ഉദ്ഘാടനം ചെയ്തു ജോസ് പാലത്തിനാൽ ജോസ് പൊട്ടംപ്ലാക്കൽ കെ.എൻ.മുരളി, പി.കെ.സദാശിവൻ, തോമസ് തെക്കൻ, ജിൻസൺ പൗവത്ത്, ജോസ് ആലപ്പൂത്ര, ജോസഫ് തോന്നക്കര, ജോയി കിഴക്കേപറമ്പിൽ, വർക്കി കണ്ണാങ്കുഴി, ജെയിംസ് കത്തിലാക്കൽ, കെ.ആർ.സോമൻ, നൗഷാദ് ആലുംമൂട്ടിൽ, സിജോ നടയ്ക്കൽ, സോഥി ജോർജ്, എം.എസ്.ഷാജി, ജോയി കണിയാം പറമ്പിൽ, സാജു മണിമലക്കുന്നേൽ, റ്റി.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു. ◘

## എം.മോഹനൻ ചെയർമാൻ



തൃശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായി കേരളാ കോൺഗ്രസ് അംഗം എം.കെ. മോഹനൻ തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തിലെ റെക്കോർഡു ഭൂരിപക്ഷത്തിനാണ് അദ്ദേഹം പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയിച്ചത്. കേരളാ ദളിത് ഫ്രണ്ട് (എം) തൃശൂർ ജില്ലാ പ്രസിഡണ്ടാണ്.

## ജോസ് മുതുകാടൻ പ്രസിഡണ്ട്



കേരളാ കർഷക യൂണിയൻ (എം) തൃശൂർ ജില്ലാ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജോസ് മുതുകാടൻ.

# മാർ ആൻഡ്രൂസ് താഴത്തിനെ അനുമോദിച്ചു



കേരള കാത്തലിക് ബിഷപ്പ് കോൺഫറൻസ് (കെ.സി.ബി.സി) പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട തൃശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിനെ കേരള കോൺഗ്രസ് (എം) തൃശൂർ ജില്ലാ നേതൃത്വം അനുമോദിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ, ജില്ലാ പ്രസിഡണ്ട് എം.പി.പോളി, ജില്ലാ ജനറൽ സെക്രട്ടറി സി.വി. കുര്യാക്കോസ്, ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, ജോൺ ചിറ്റിലപ്പള്ളി, ജില്ലാ ഭാരവാഹികളായ തോമസ് ആന്റണി, ജോൺസൺ കാഞ്ഞിരത്തിങ്കൽ കോർപറേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജോൺ കാഞ്ഞിരത്തിങ്കൽ, കെ.എസ്.ഫ്രാൻസീസ് സി.ടി.പോൾ, സർഗവേദി സംസ്ഥാന കൺവീനർ വർഗീസ് തരകൻ, ലോനപ്പൻ എപ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

## കെ.എം.മാണിക്കു പുരസ്കാരം

രാജീവ് ഗാന്ധി നാഷണൽ സെൻറർ ഫോർ ഹ്യൂമാനിറ്റേറിയൻ സ്റ്റഡീഡിന്റെ മികച്ച നിയമസഭാ സാമാജികനുള്ള ചെറിയാൻ ജെ.കാപ്പൻ പുരസ്കാരം കെ.എം.മാണി എം.എൽ.എയ്ക്ക്. ഫെബ്രുവരി രണ്ടാം വാരം പാലായിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.



ജോർജ് തോമസ് കോട്ടുകാപ്പള്ളിയുടെ പേരിലുള്ള മികച്ച പാർലമെന്റേറിയൻ അവാർഡ് പി.ടി.തോമസ് എം.പിക്കാണ്. തിരുവനന്തപുരം ദൂരദർശൻ വാർത്താവിഭാഗം മേധാവി ഡോ. കെ. അമ്പാടിക്കാണു രാജീവ്ഗാന്ധി പുരസ്കാരം. മികച്ച ടെലിവിഷൻ അവതാരകനുള്ള ജോൺ ഉലഹന്നാൻ പുരസ്കാരത്തിനു ദീപിക ഡൽഹി ബ്യൂറോ ചീഫ് ജോർജ് കള്ളിവയലിലും അർഹനായി. ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് സെന്റർ ഉടമ ജോയി ജോസഫിനാണു സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള അവാർഡ്.

## സമൃദ്ധകേരളം സംതൃപ്തകേരളം

### സെമിനാർ-തൃക്കോവിൽവട്ടം



*തൃക്കോവിൽവട്ടം മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സമൃദ്ധകേരളം സംതൃപ്തകേരളം സെമിനാർ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി കുളത്തൂർ കുഞ്ഞുകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യുന്നു. കൊല്ലം ജില്ലാ പ്രസിഡണ്ട് ബെന്നി കക്കാട്, വെങ്കിട്ടരമണൻ പോറ്റി, അലക്സ് കുണ്ടറ, കല്ലടദാസ് എന്നിവർ സമീപം.*

## സമൃദ്ധകേരളം സംതൃപ്തകേരളം വികസനത്തിന്റെ രജതരേഖ

**മോൻസ് ജോസഫ് എം.എൽ.എ**



സംസ്ഥാനത്തിന്റെ ഭാവി പുരോഗതി ലക്ഷ്യമാക്കി കേരളാ കോൺഗ്രസ് (എം) ചെയർമാൻ കെ.എം.മാണി സമർപ്പിച്ച സമൃദ്ധകേരളം സംതൃപ്തകേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു രജതരേഖയായിരിക്കുമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി മോൻസ് ജോസഫ് എം.എൽ.എ. പറഞ്ഞു. കേരളാ കോൺഗ്രസ് (എം) കോഴിക്കോടു ജില്ലാക്കമ്മിറ്റി സംഘടിപ്പിച്ച ജില്ലാതല വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഒൻപതിന പരിപാടിയിലെ വിഷയങ്ങളെ അടിസ്ഥാനമാക്കി സി.ഡബ്ല്യു, ആർ.ഡി.എം. സീനിയർ സൈന്റിസ്റ്റ് ഡോ. ഈ.ജെ.ജോസഫ്,കോഴിക്കോട് ജില്ലാ ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ. മെഹദൂഫ് രാജ്, അഡ്വ. മഞ്ചേരി സുന്ദർരാജ്, അബ്രഹാം കുഴുമ്പിൽ, എ. വി. തോമസ് മാസ്റ്റർ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

ഐക്യരാഷ്ട്രസഭയുടെ കാർഷിക അവാർഡു നേടിയ അബ്രഹാം കടുകൻമാക്കൽ സംസ്ഥാനസെക്രട്ടറി വി. സി.ചാണ്ടിമാസ്റ്റർ, പ്രഥമ കേരകേസരി അവാർഡ് ജേതാവ് ജോസ് കാർത്തികയിൽ, സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയംഗം എം.സി.കുര്യൻ ജില്ലാ ജനറൽ സെക്രട്ടറിമാരായ ടി.എം. ജോസഫ്, എൻ.വി.ബാബുരാജ്, കെ.കെ. നാരായണൻ, പി.എം. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

## ജനസമ്പർക്കപരിപാടി



*കൂത്താട്ടുകുളത്തു സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ ജോസ് കെ.മാണി എം.പി. ജനങ്ങളിൽ നിന്നും നിവേദനം സ്വീകരിക്കുന്നു.*

## ജോസ് കെ.മാണി യങ് അച്ചീവർ 2010



*റോട്ടറി ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3211ന്റെ യങ് അച്ചീവർ അവാർഡ് -2010 ജോസ് കെ.മാണി എം.പിക്കു റോട്ടറി ഡിസ്ട്രിക്ട് ഗവർണർ സ്കറിയാ ജോസ് സമ്മാനിക്കുന്നു.*

## കേരള ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ കെ.ടി.യു.സി(എം) ജില്ലാകമ്മിറ്റി



തൊഴിലാളി വർഗത്തെ പൂർണമായി അവഗണിച്ചതു മൂലമാണു തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിക്ക് വൻതകർച്ച നേരിടേണ്ടി വന്നതെന്നു കേരളാ കോൺഗ്രസ് (എം) തൃശൂർ ജില്ലാ പ്രസിഡണ്ട് എം.പി. പോളി പറഞ്ഞു. കേരള ഗുഡ്സ് കാരിയർ ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ കെ.ടി.യു.സി. (എം) തൃശൂർ മേഖല സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമ്മേളനത്തിൽ കോർപറേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനും കേരളാ കോൺഗ്രസ് (എം) ജില്ല സെക്രട്ടറിയുമായ ജോൺ കാഞ്ഞിരത്തിങ്കൽ അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) ജില്ലാ ജനറൽ സെക്രട്ടറി സി.വി. കുര്യാക്കോസ്, തൃശൂർ നിയോജകമണ്ഡലം പ്രസിഡണ്ട് കെ.എസ്.ഫ്രാൻസിസ്, ഷാജു എ.ആർ, എൻ.എഫ്. ജോയ്, ആർ.ഹരികൃഷ്ണൻ, പി.കെ.സുരേഷ്, പി.ഡി.വിൻസന്റ്, പി.കെ.അശോകൻ, പി.കെ.സന്തോഷ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായി എം.പി.പോളി *(രക്ഷാധികാരി)*, ജോൺ കാഞ്ഞിരത്തിങ്കൽ *(പ്രസിഡണ്ട്)*, കെ.എസ്.ഫ്രാൻസീസ് *(വർക്കിംഗ് പ്രസിഡണ്ട്)*, പി.കെ.സന്തോഷ് *(വൈസ് പ്രസിഡണ്ട്)*, ഷാജു എ.ആർ, സി.എ.ജെയിംസ്, കെ. ആർ.ലിഡിഷ് *(സെക്രട്ടറിമാർ)*, കെ.ഡി.ജോസഫ് *(ട്രഷറർ)* എന്നിവരെ തെരഞ്ഞെടുത്തു.

# ഭരതന്റെ വഴികൾ ഭാരതത്തിന്റെയും

രാമായണത്തിലെ പ്രമുഖ കഥാപാത്രങ്ങളിലൊരാളാണു ഭരതൻ. ദശരഥനു ഭാര്യ കൈകേയിയിൽ ജനിച്ച പുത്രൻ. ശ്രീരാമന്റെ അനുജൻ. ഇരട്ടകളായ ലക്ഷ്മണ ശത്രുഘ്നന്മാർക്കു ജ്യേഷ്ഠൻ.

ഇന്നു പാകിസ്ഥാനിൽ ഉൾപ്പെടുന്ന പഴയ ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ഒരു രാജ്യമായിരുന്നു കേകയം. അവിടത്തെ രാജാവിന്റെ പുത്രിയായതുകൊണ്ടാണു കൈകേയി എന്നു പേരുവന്നത്. സുന്ദരിയായ കൈകേയിയോടു ദശരഥന് ഇത്തിരി ഇഷ്ടം കൂടുതലുണ്ടായിരുന്നു എന്നും പറയാം. അതുകൊണ്ടാണ് ഒരിക്കൽ അസുരന്മാരുമായി യുദ്ധത്തിനിറങ്ങിയപ്പോൾ അവളെക്കൂടികൂട്ടിയത്. ഇടയ്ക്കു തേർചക്രത്തിന്റെ ചാവി ഊരിപ്പോയി. അതുകണ്ട കൈകേയി തന്റെ വിരൽ പകരംവച്ചു തേർചക്രം ഊരിപ്പോകാതെ ഭർത്താവിന്റെ ജീവൻ രക്ഷിച്ചു. യുദ്ധാവസാനം പ്രിയഭാര്യയുടെ ചതഞ്ഞരഞ്ഞ വിരലു കണ്ട ദശരഥൻ കാരണമന്വേഷിച്ചു. സംഭവം അറിഞ്ഞപ്പോൾ അദ്ദേഹം കൈകേയിയോടു പറഞ്ഞു: ഈ ത്യാഗം വിലമതിക്കാനാവാത്തതാണ്. നീ എന്നോടു രണ്ടുവരം ചോദിക്കൂ. എന്താണെങ്കിലും ഞാനതു സാധിച്ചുതരും.

കൈകേയി ചാരിതാർത്ഥ്യത്തോടെ പറഞ്ഞു: ‘എനിക്കൊന്നും വേണ്ടാ. എല്ലാറ്റിലും വലുത് എനിക്കങ്ങയുടെ ജീവനാണല്ലോ.’

‘ശരി, നിനക്ക് എപ്പോൾ വേണമെങ്കിലും ഈ വരങ്ങൾ ചോദിക്കാം’ എന്നു പറഞ്ഞ ദശരഥനോടൊപ്പം കൈകേയി കൊട്ടാരത്തിലേക്കു മടങ്ങി.

കാലം പിന്നെയും കഴിഞ്ഞു. ദശരഥനു പ്രായമായി. മക്കൾ പ്രായപൂർത്തിയായി. ആദ്യ ഭാര്യ കൗസല്യയിൽ ജനിച്ച രാമകുമാരൻ പ്രായംകൊണ്ടും യോഗ്യതകൊണ്ടും മുമ്പൻ. രാമനെ രാജ്യഭാരം ഏല്പിക്കാം. ദശരഥന്റെ തീരുമാനം എല്ലാവർക്കും സ്വീകാര്യം. അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി.

കൈകേയിക്കൊരു തോഴിയുണ്ടായിരുന്നു – മന്ഥര. പിതാവു കേകയരാജ്യത്തുനിന്നും മകൾക്കു തുണയായി പറഞ്ഞയച്ചതാണ്. രാമൻ രാജാവാകുന്നതു കൈകേയിക്കും സമ്മതമായിരുന്നെങ്കിലും മന്ഥരയുടെ സമർത്ഥമായ കരുനീക്കങ്ങൾക്കുവഴങ്ങി പഴയവരങ്ങൾ ദശരഥനോടാവശ്യപ്പെടാൻ അവൾ നിർബന്ധിതയായി. ഒന്ന്, രാമനു പകരം തന്റെ പുത്രൻ ഭരതനെ രാജാവാക്കണം. രണ്ട്, രാമൻ പതിനാലുവർഷം വനത്തിൽ താമസിക്കണം.

ദശരഥൻ നടുങ്ങി. നെഞ്ചിടറി വീണുപോയി. വാക്കുപാലിക്കണം. മകൻ ശ്രീരാമനും അതുതന്നെ പറഞ്ഞു. ഭരതൻ നാട്ടിലുണ്ടായിരുന്നില്ല. അമ്മവീട്ടിൽ പോയിരിക്കുകയായിരുന്നു. രോഷംകൊണ്ടു പിതാവിനെ വധിക്കാൻ വാളെടുക്കുകവരെചെയ്ത ലക്ഷ്മണനെയും ശത്രുഘ്നനെയും ശ്രീരാമൻതന്നെ തടഞ്ഞു, ആശ്വസിപ്പിച്ചു. ഒട്ടും വൈകാതെ രാമൻ സീതയോടും ലക്ഷ്മണനോടും ഒപ്പം കാട്ടിലേക്കു യാത്രയായി.

മക്കൾ കാട്ടിലേക്കു പോയതോടെ വേർപാടിന്റെ ദുഃഖം താങ്ങാനാവാതെ ദശരഥൻ ഇഹലോകജീവിതം വെടിഞ്ഞു.

മൂന്നാം ദിവസമാണു ഭരതൻ കൊട്ടാരത്തിലെത്തിയത്. വന്നപാടേ എന്തോ പന്തികേടനുഭവപ്പെട്ടു. എവിടെയും ശ്മശാനമൂകത. പിതാവിന്റെ മരണമായിരിക്കാം കാരണം എന്നു വിചാരിച്ചു. പക്ഷേ, പിന്നെയാണു കാര്യങ്ങൾ അറിഞ്ഞത്. സ്വന്തം അമ്മ ചെയ്ത ദ്രോഹം. പിതാവിനുതുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ജ്യേഷ്ഠൻ രാമനെ കാട്ടിൽ പറഞ്ഞയച്ചിട്ട് അമ്മ തനിക്കായി അയോധ്യയുടെ സിംഹാസനം തട്ടിയെടുത്തു സൂക്ഷിച്ചിരിക്കുന്നു. ആദ്യംവന്ന കലി അമ്മയെപ്പോലും വകവരുത്താൻപോന്നതായിരുന്നു. പിന്നെ ക്ഷമിച്ചു.



‘എനിക്കു സിംഹാസനം വേണ്ട. ഞാൻ ജ്യേഷ്ഠനെ തിരികെ കൊണ്ടുവന്നു രാജാവാക്കും.’ രാജധാനിമുഴുവൻ വീണ്ടും നടുങ്ങി. അമ്മമാരുടെയും മന്ത്രിമാരുടെയും അപേക്ഷകളും ഉപദേശങ്ങളും ഭരതൻ ചെവിക്കൊണ്ടില്ല. അമ്മമാരുടെ ദീനദീനമായ വാക്കുകൾക്കും ഭരതനിശ്ചയത്തെ ഇളക്കാൻ കഴിഞ്ഞില്ല. ജ്യേഷ്ഠനെ കാട്ടിൽനിന്നു തിരികെ ആനയിക്കാൻ സൈന്യങ്ങളുടെ അകമ്പടിയോടെ ഭരതൻ യാത്രയായി.

ജ്യേഷ്ഠന്റെ നിലപാടു കരിമ്പാറപോലെ ഉറച്ചതായിരുന്നു. അതിനു മുമ്പിൽ അനുജനും നിസ്സഹായനായി.

‘പോയി രാജാവായി രാജ്യം ഭരിക്കൂ. അമ്മമാരെ സംരക്ഷിക്കൂ’–

ശ്രീരാമന്റെ കല്പനപോലെയുള്ള വാക്കുകൾക്കുമുന്നിൽ ഭരതൻ വിനീതനായി. അനുസരണയുള്ള കുട്ടിയായി. ഒരുകാര്യം മാത്രമേ ചോദിച്ചുള്ളു–ജ്യേഷ്ഠന്റെ ചെരുപ്പുകൾ തരണം. അവ സിംഹാസനത്തിൽവച്ചു താൻ രാജ്യം ഭരിക്കാം. പതിനാലുവർഷം കഴിഞ്ഞു മടങ്ങിയെത്തുമ്പോൾ ജ്യേഷ്ഠൻ തന്നെ അവയെടുത്തു കാലിൽ ധരിക്കണം. സിംഹാസനത്തിലിരിക്കണം.

ദയനീയമായ ആ അപേക്ഷയും തിരസ്കരിക്കത്തക്കവിധം കഠിനഹൃദയനായിരുന്നില്ല, ശ്രീരാമൻ. അദ്ദേഹം സമ്മതിച്ചു. ഭരതൻ രാമപാദുകങ്ങളുമായി മടങ്ങി. പറഞ്ഞതുപോലെ തന്നെ പ്രവർത്തിക്കുകയും ചെയ്തു.

ഇത്തരമൊരു അനുജനെ ഭാരതത്തിനേ സൃഷ്ടിക്കാനാവൂ. അതാണു രാമായണമഹത്വം. ജീവിതത്തിന്റെ എല്ലാ മേഖലകൾക്കും, എല്ലാ പ്രാതിനിധ്യങ്ങൾക്കും എന്നേക്കും മാതൃകയാക്കാവുന്ന കഥാപാത്രങ്ങൾ ഉള്ളടങ്ങുന്ന ഇതിഹാസം. എല്ലാ രാജാക്കന്മാർക്കും മാതൃകയായ ശ്രീരാമൻ. എല്ലാ ഭർത്താക്കന്മാർക്കും മക്കൾക്കും ജ്യേഷ്ഠന്മാർക്കും അദ്ദേഹം സജീവ മാതൃക.

വാല്മീകി രാമനെ മാത്രമല്ല സൃഷ്ടിച്ചത്. സാഹോദര്യത്തിന്റെ ലോകോത്തര മാതൃകകളായ ഭരതലക്ഷ്മണന്മാരെയും ആ മഹർഷി തന്നെയാണു മെനഞ്ഞെടുത്തത്. ഭാര്യമാർക്കു സീത മാതൃക. അമ്മമാർക്കു കൗസല്യാസുമിത്രമാരും. ഒരിക്കലും ഒളിമങ്ങാത്ത ജീവിതമാതൃകകൾ. ഒരിക്കലും മറക്കാനാവാത്ത പാഠങ്ങൾ ഉപദേശിക്കുന്ന കഥാപാത്രങ്ങൾ.

ഇവർക്കെല്ലാമിടയിൽ ഉദാത്തമായ രാഷ്ട്രനീതിയുടെ അനശ്വരമാതൃകയായി ഭരതൻ ശിരസ്സുയർത്തി നില്ക്കുന്നു. ഭാരതത്തിന്റെ രാഷ്ട്രനീതിയും രാഷ്ട്രീയവും ഭരതന്റെ മാതൃകയിൽ നിന്നാണു രൂപംകൊണ്ടത്. ആ പേരിൽ നിന്നാണു ഭാരതം എന്ന പേരുപോലും രൂപപ്പെട്ടത്. ഇതിൽ കൂടുതൽ മഹത്വം ആർക്കാണുള്ളത്, ഉണ്ടാവുക?

ശാസ്ത്രം

# നാനോ സയൻസും ജീവശാസ്ത്രവും

ഡോ.എ.വി.ജോർജ്

അനന്യമായ കഴിവുകളുള്ള തന്മാത്രകളിലാണു ജീവന്റെ അടിസ്ഥാനം നിലനില്ക്കുന്നത്. പുനരുത്പാദനശേഷിയുള്ള ജനിതക രഹസ്യങ്ങൾ സൂക്ഷിച്ചുവച്ചിട്ടുള്ളതും ഈ തന്മാത്രകളിലാണ്. ഇന്ദ്രിയങ്ങളുടെ സങ്കീർണമായ പ്രവർത്തനപഥത്തെക്കുറിച്ചറിയുവാൻ നമ്മെ പ്രാപ്തരാക്കുന്നതും നാനോ മീറ്ററിൽ മാത്രം വലുപ്പം അളക്കുവാൻ സാധിക്കുന്ന ഈ തന്മാത്രകളാണ്. മനുഷ്യ ശരീരകോശങ്ങളിൽ നമ്മുടെ വർത്തമാനകാലവും, ഭാവികാലവുമൊക്കെ രൂപപ്പെടുത്തുന്നതും ഈ തന്മാത്രകൾ തന്നെ.

ഇന്നു ശാസ്ത്രസമൂഹത്തിന്റെയും മാനവ സമൂഹത്തിന്റെയും മുന്നിലുള്ള ഏറ്റവും വലിയ സമസ്യ ഇത്തരം ജൈവതന്മാത്രകളുടെ അനന്തവും ഏറെ സങ്കീർണവുമായ പ്രവർത്തനങ്ങളെ കുറിച്ചുള്ള സമഗ്രവും സമ്പൂർണവുമായ അറിവു നേടലാണ്.



*ഹീമോഗ്ലോബിന്റെ ഘടന*

അതിന് ഇത്തരം ജൈവ തന്മാത്രകളുമായി സംവദിക്കുവാൻ ശേഷിയുള്ള ചെറിയ ഉപകരണങ്ങൾ അഥവാ 'പ്രോബു'കളാണു സഹായകരമാവുക. ഉദാഹരണത്തിനു രക്തത്തിലെ ചുവപ്പുനിറത്തിനു ഹേതുവായ 'ഹീമോഗ്ലോബിൻ' എന്ന തന്മാത്രയുടെ വലുപ്പം ഏതാണ്ട് അഞ്ചു നാനോമീറ്ററാണ്. അപ്പോൾ രക്തത്തിലെ ഹീമോഗ്ലോബിനുമായി സംവദിക്കണമെങ്കിൽ അത്രയും വലുപ്പമുള്ള നാനോ കണത്തിനേ കഴിയൂ.

പല ജൈവ കണങ്ങളും നാനോ കണങ്ങളുടെ വലുപ്പമുള്ളവയാണ്. അതുകൊണ്ടു ജൈവശാസ്ത്രത്തിലെ നിഗൂഢമായ പല വിസ്മയങ്ങളെയും ഏറെ അടുത്തറിയുവാനും, അവയിൽ ഭാഗഭാക്കാകുവാനും ജൈവ തന്മാത്രകൾക്കു കഴിയും. ഉദാഹരണത്തിനു മനുഷ്യ ശരീരത്തിലെ ഒരു കോശത്തിൽ ക്യാൻസർ കണ്ടെത്തുന്നുവെന്നു കരുതുക. കോശത്തിനുള്ളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നാനോപ്രോബുകൾ ഉടൻ തന്നെ രോഗാവസ്ഥ തിരിച്ചറിയുകയും പൂർണമായും മനസ്സിലാക്കുകയും ചെയ്യും. ഇതിലൂടെ ക്യാൻസർ രോഗ ചികിത്സ കൂടുതൽ സൂക്ഷ്മതയോടും കൃത്യതയോടും കൂടി നടത്തുവാൻ സാധിക്കും.

ക്യാൻസർ ബാധിത അവയവം അഥവാ ശരീരഭാഗം മുഴുവനായും ചുട്ടുകരിക്കുന്ന ഇന്നത്തെ ചികിത്സാരീതി പാടേ ഉപേക്ഷിച്ചു കൂടുതൽ ഫലപ്രദവും സൂക്ഷ്മവുമായ ഒരു ചികിത്സാരീതി ആവിഷ്ക്കരിക്കുവാനും പൂർണ രോഗശാന്തി നേടുവാനും ഒരു പക്ഷേ, അതു നമ്മെ സഹായിക്കും.

മനുഷ്യ ശരീരത്തിലെ കോശപ്രവർത്തനങ്ങളെപ്പോലും നിയന്ത്രിക്കാവുന്ന നിലയിലേക്കു നാനോ ജൈവശാസ്ത്രം വളരുവാനുള്ള സാധ്യത ഏറെയാണ്. അങ്ങനെയെങ്കിൽ ആവശ്യമായ കോശങ്ങളെ മാത്രം ഏറെ സൂക്ഷ്മതയോടെ സംരക്ഷിക്കുകയും അനാവശ്യമായവയെ വേണ്ടന്നുവയ്ക്കുകയും ചെയ്യാനാകും.



അനുയോജ്യമായ നാനോ പ്രോബുകൾ വികസിപ്പിച്ചെടുക്കേണ്ടതായും വരും. അങ്ങനെ ആത്യന്തികമായി നാനോ ജൈവശാസ്ത്രം രോഗവിമുക്തമായ ഒരു മനുഷ്യസമൂഹത്തെപ്പോലും സൃഷ്ടിച്ചേക്കാം.

അങ്ങനെയെങ്കിൽ മാനവരാശി നേരിടുന്ന ഏറ്റവുംവലിയ വെല്ലുവിളികൾക്കും അത് പരിഹാരമായേക്കാം. എന്നാൽ, ഇത്തരമവസ്ഥ സൃഷ്ടിക്കപ്പെട്ടാൽ ഏറെ സങ്കീർണവും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കും അതു വഴിമരുന്നിടും. അങ്ങനെ നാനോ കണങ്ങളെക്കൊണ്ടു ജീവശാസ്ത്രത്തെ ഏതാണ്ടു പൂർണമായി മനസ്സിലാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു ലോക ക്രമത്തെയും ആയുരാരോഗ്യമുള്ള ജനതയെ മാത്രം ഉൾക്കൊള്ളുന്ന ഒരു ലോകത്തെയും കുറിച്ച് ഒന്നു ചിന്തിച്ചു നോക്കൂ.

എന്തായാലും നാനോ ജൈവ സാങ്കേതിക വിദ്യയിൽ ഒരു കുതിച്ചു ചാട്ടത്തിനുള്ള തയ്യാറെടുപ്പിലാണു ലോകം ഇന്ന്. നാനോ ജൈവശാസ്ത്രത്തിന്റെ പിൻബലത്തോടെ പുതിയ രോഗനിർണയ സമ്പ്രദായങ്ങൾ, ചികിത്സാരീതികൾ, മരുന്നുകൾ എന്നിവയും, കാർഷിക മേഖലയിൽ കാലാവസ്ഥയ്ക്കനുസരിച്ചു കൃഷിചെയ്യുവാൻ സാധിക്കുന്നവിധത്തിലുള്ള വിത്തിനങ്ങളും സംപുഷ്ട ധാന്യങ്ങളും സൃഷ്ടിക്ക

പ്പെടും. ഇവയെല്ലാം ആത്യന്തിക മായി നിരവധി പുതിയ ഉത്പാദന വ്യാവസായിക മേഖലകൾ തുറക്കു ന്നതിനു കാരണമാകുകയും ചെ യ്യും. അങ്ങനെയുണ്ടാവുന്ന വിപ ണിയുടെ വികാസം അനവധി പു ത്തൻ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനും കാരണമായിത്തീരാം.

## രോഗ നിർണയം

മെഡിക്കൽ രംഗത്ത്, പ്രത്യേ കിച്ചു രോഗ നിർണയത്തിൽ അന ന്തസാധ്യതകളാണു നാനോ ടെക് നോളജിയിലൂടെ നമുക്കു മുൻപിൽ തുറക്കപ്പെടുന്നത്. വളരെ ചെറിയ നാനോ യന്ത്രങ്ങളെ (പ്രോബുകൾ) ശരീരത്തിനുള്ളിൽ സ്ഥിരമായി നിക്ഷേപിച്ചാൽ മിക്ക ശരീരാവയവ ങ്ങളുടെയും സാധാരണ പ്രവർത്ത നങ്ങൾക്ക് അവ ഏറെ സഹായ കമാവും.

മനുഷ്യശരീരങ്ങളിലെ കോശ ങ്ങളിൽ പ്രവേശിച്ച്, അവയിൽ പറ്റി ച്ചേർന്നു രോഗ കാരണം മനസ്സിലാ ക്കുവാനും, ആവശ്യത്തിനു മരുന്നു നിക്ഷേപിക്കുവാനുമുതകുന്ന രീതി യിൽ പ്രോഗ്രാം ചെയ്യുവാൻ കഴി യുന്ന നാനോ കണങ്ങൾക്കു രൂപം നല്കുവാനും, നാനോ കണങ്ങ ളുടെ ഈ അസാധാരണമായ കഴി വുകൾ അഥവാ സ്വഭാവ വിശേഷ ങ്ങൾ അടിസ്ഥാനമാക്കി 'പ്രോഗ്രാ മബിൾ മെഡിസിൻസ്' സൃഷ്ടിക്കു വാനും സാധിക്കും. ഒരു ചെറിയ ഉദാഹരണം കൊണ്ട് ഇതു വ്യക്ത മാക്കാം.

ബാക്ടീരിയ ബാധകൾക്കുള്ള പ്രതിവിധിയാണല്ലോ ആന്റിബയോ ട്ടിക്കുകൾ. ഒരു നാനോകണത്തിൽ അനേകം ആന്റിബയോട്ടിക് തന്മാ ത്രകളെ ഒട്ടിച്ചു ചേർക്കാം. ആവശ്യ മായ കോശങ്ങളിലേക്ക് ഇവയെ തിരിച്ചുവിടുകയും നിയന്ത്രിത അള വിൽ ആവശ്യാനുസരണം ഇത്തരം തന്മാത്രകളെ നിക്ഷേപിക്കുകയും ചെയ്യാം. നാനോ ബലൂണുകളിൽ നിറച്ച തന്മാത്രകൾ ആവശ്യാനുസ രണം മാത്രമേ പുറത്തുവരു. അതു



കൊണ്ടു തന്മാത്രകളുടെ ജൈവ ലഭ്യത ജൈവാന്തരീക്ഷത്തിലെ മാറ്റങ്ങൾക്കനുസൃതമായി നിയന്ത്രി ക്കാം.

## നാനോ കണങ്ങളും ക്യാൻസർ ചികിത്സയും

37 ഡിഗ്രി സെൽഷ്യസ് ആണു മനുഷ്യശരീരത്തിന്റെ ഊഷ്മാവ്. ഈ ഊഷ്മാവു വർധിച്ച് 42-43 ഡിഗ്രിയോളമെത്തുമ്പോൾ കോശ ങ്ങൾ നശിക്കും. സമീപകോശ ങ്ങളെ ബാധിക്കാതെ, ക്യാൻസർ ബാധിത കോശങ്ങളുടെ മാത്രം ഊ ഷ്മാവു വർധിപ്പിച്ച് അവയെ കൊ ല്ലുവാൻ നാനോകണങ്ങളെ ഉപയോ ഗിക്കാം. ഇങ്ങനെ ആഗിരണം ചെയ്യ പ്പെടുന്ന ഊർജം താപമാക്കുന്ന നാനോ ദണ്ഡുകൾക്കു പുറമെ, ക്യാൻസർ കോശങ്ങളുടെ പുറംപാ ടയിൽ കാണപ്പെടുന്ന പ്രോട്ടീനുക ളെ തിരിച്ചറിയുന്ന നാനോ കണ ങ്ങളെ ആന്റിബോഡികൾ ഘടി പ്പിച്ചു ക്യാൻസർ കോശങ്ങളിലേ ക്കു കടത്തി വിടാം.

## നാനോ ഡയഗ്നോസ്റ്റിക്സ്

ആവശ്യമായ തന്മാത്രകളുടെ അളവറിഞ്ഞുള്ള ചികിത്സയാണു നാനോഡയഗ്നോസ്റ്റിക്സ്. പല ഭീകര രോഗങ്ങളുടെയും ആദ്യ ലക്ഷണം തന്മാത്രകളുടെ സാന്ദ്ര താ വ്യതിയാനമാണ്. ഉദാഹരണ ത്തിനു ഹീമോഗ്ലോബിന്റെയും തൈറോക്സിന്റെയും അളവിലുള്ള വ്യതിയാനമാണു പലപ്പോഴും രോഗ മെന്തെന്നു കണ്ടെത്തുവാൻ സഹാ യിക്കുക. കോശങ്ങളിൽ നിന്നും ചില പുതിയ തന്മാത്രകൾ കുറഞ്ഞ അളവിൽ പുറത്തുവന്നുവെന്നുമി രിക്കാം. ഇത്തരം തന്മാത്രകളെ കണ്ടെത്തുവാൻ കഴിഞ്ഞാൽ രോഗം വളരെ ആരംഭത്തിലെ കണ്ടുപിടിക്കാനാവും. ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് ഇത് ഏറെ ഫലപ്രദമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

നാനോ കണങ്ങളുടെ ഫ്ളൂറ സൻസ് അഥവാ പ്രതിദീപ്തി ഉപ യോഗിച്ചാണ് ആന്റിജൻ തന്മാത്ര കളെ അല്ലെങ്കിൽ അതിനു കാരണ മായ കോശങ്ങളെ കണ്ടെത്തുന്നത്. നാനോ കണങ്ങളുടെ ഫ്ളൂറസൻ സ് സ്വഭാവം ഉപയോഗിച്ചു പ്രത്യേ കം തന്മാത്രകൾ ഉത്പാദിപ്പിക്കുന്ന കോശങ്ങളുടെ ചിത്രമെടുക്കാം. അ ങ്ങനെ രോഗം വന്നുചേരുന്ന വ ഴിയും മൂർച്ഛിക്കുന്ന വഴിയും കൃത്യ മായി കണ്ടുപിടിക്കാം.



നാനോ കണത്തിന്റെ സഹായ ത്തോടെ രോഗം കണ്ടെത്താമെന്നു മാത്രമല്ല, ചികിത്സിക്കുകയും ചെയ്യാം. നാനോ ഡയഗ്നോ സ്റ്റിക്സിന് ഉപയോഗിക്കുന്ന കണ ങ്ങൾ വിഷ വിമുക്തവും ശരീര ത്തിൽ ആഗിരണം ചെയ്യപ്പെടാത്ത വയും മനുഷ്യ വിസർജ്യത്തിലൂടെ ശരീരത്തിനു പുറത്തുപോകുന്നവ യുമാണെങ്കിൽ ഏറെ ഉചിതമായി. ഇങ്ങനെ മനുഷ്യശരീരത്തിന് ഏറ്റ വും അനുയോജ്യമായ കണങ്ങളെ കണ്ടെത്തുവാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

ചരിത്രം

കേരള നവോത്ഥാനം
നാഴികക്കല്ലുകൾ – 3

ഡോ. കുര്യാസ് കുമ്പളക്കുഴി

# അടിമസമ്പ്രദായം അവസാനിക്കുന്നു

ഒരുകാലത്തു ലോകമെമ്പാടും പ്രചാരത്തിലുണ്ടായിരുന്നു. കരുത്തൻ ദുർബലനെ തന്റെ ഇരയാക്കുന്ന മൃഗീയതയുടെ മാനുഷികരൂപം. പക്ഷേ, ഉണർവു നേടിയ മനുഷ്യസമൂഹം എവിടെയും ആദ്യം തുടച്ചുമാറ്റിയ കളങ്കങ്ങളിലൊന്ന് ഇതുതന്നെയായിരുന്നു. അതാണു കേരളത്തിലും സംഭവിച്ചത്. എല്ലാവരെയും സഹോദരങ്ങളായി കാണണമെന്നും, ജീവിക്കാനുള്ള അവകാശം ആർക്കും നിഷേധിക്കാൻ പാടില്ലെന്നും തന്നെപ്പോലെ തന്റെ അയല്ക്കാരെയും സ്നേഹിക്കണമെന്നുമൊക്കെയുള്ള മഹത്തായ സന്ദേശവുമായി കടൽകടന്നെത്തിയ മിഷണറിമാരുടെ പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിലും വെളിച്ചം ചൊരിഞ്ഞത്.



*ചാൾസ് മീഡ്*

ലോകമെമ്പാടും, പ്രത്യേകിച്ചു ബ്രിട്ടണിലും അമേരിക്കയിലും രൂപംകൊണ്ട അടിമവ്യാപാരവിരുദ്ധവികാരവും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു ഇന്ത്യയിലെ മിഷണറിമാരുടെ ഈ വഴിക്കുള്ള നീക്കങ്ങളും. റിംഗിൾ ടോബ് തിരുവിതാംകൂറിലെത്തുന്ന കാലത്തു ബ്രിട്ടനിൽ മനുഷ്യാവകാശ പ്രവർത്തകരായ തോമസ് ക്ലാർക്ക് സണിന്റെയും വില്യം വിൽബർഫോഴ്സിന്റെയും നേതൃത്വത്തിൽ അടിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള വിമോചന യത്നങ്ങൾ ശക്തിപ്പെട്ടുകഴിഞ്ഞിരുന്നു.



*റിംഗിൾ ടോബ്*

1807ൽ ബ്രിട്ടീഷുകാരെ അടിമവ്യാപാരത്തിൽ നിന്നു വിലക്കിക്കൊണ്ടുള്ള ഒരു ബിൽ ബ്രിട്ടീഷ് പാർലമെണ്ടു പാസ്സാക്കി. 26 വർഷങ്ങൾക്കു ശേഷം ബ്രിട്ടീഷ് പാർലമെണ്ട് 1833ൽ സമ്പൂർണ അടിമവ്യാപാര നിരോധന നിയമവും അംഗീകരിച്ചു. മുപ്പതു വർഷങ്ങൾക്കു ശേഷം 1863ൽ ഏബ്രഹാം ലിങ്കന്റെ ചരിത്രപ്രസിദ്ധമായ അടിമവ്യാപാര നിരോധന വിളംബരവും പുറത്തുവന്നു. അക്കാലത്ത് അമേരിക്കയിലെ തോട്ടങ്ങളിൽ പണിയെടുത്തുകൊണ്ടിരുന്ന അടിമകളുടെ എണ്ണം നാല്പതു ലക്ഷമായിരുന്നത്രെ!

ഇംഗ്ലണ്ടിൽ 1800കളുടെ തുടക്കത്തിൽ പ്രബലമായിരുന്ന അടിമവ്യാപാരവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നു പ്രചോദനം നേടിയ ലണ്ടൻ മിഷൻ സൊസൈറ്റിയുടെ അംഗങ്ങളായ റിങ്കിൾ ടോബും ചാൾസുമീഡും തിരുവിതാംകൂറിലും അത്തരം പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുക സ്വാഭാവികമാണല്ലൊ. അവർ അധഃസ്ഥിത വിഭാഗങ്ങളെ പ്രബുദ്ധരാക്കിയതിനോടൊപ്പം അധികാരസ്ഥാനങ്ങളിൽ അടിമവ്യാപാര നിരോധനത്തിനു വേണ്ട നിവേദനങ്ങളും സമർപ്പിച്ചു. പ്രാദേശികഭരണാധികാരികളുടെ മേൽ ഇക്കാര്യത്തിനുവേണ്ടി കമ്പനി അധികൃതരുടെ സമ്മർദ്ദവും ഉണ്ടായി.

ഇതിനുഫലമുണ്ടായി. 1812ൽ സർക്കാരിന്റെ കീഴിലുള്ള അടിമകൾക്കു മോചനം നല്കിക്കൊണ്ടു തിരുവിതാംകൂറിലെ റാണി ഗൗരിലക്ഷ്മിഭായി വിളംബരം പുറപ്പെടുവിച്ചു. മലബാർ ടിപ്പു സുൽത്താന്റെ അധികാരത്തിൽ നിന്നു വിട്ടുകിട്ടിയ 1792ൽ തന്നെ അടിമക്കച്ചവടം കുറ്റകരമാക്കിക്കൊണ്ടുള്ള വിളംബരം കമ്പനി ഗവൺമെണ്ടു പുറപ്പെടുവിച്ചിരുന്നു. പക്ഷേ, ഒന്നോ രണ്ടോ വിളംബരങ്ങൾ കൊണ്ട് അവസാനിപ്പിക്കാൻ കഴിയുന്നതായിരുന്നില്ല. അടിമസമ്പ്രദായം. 1862 ജനുവരി ഒന്നു മുതൽ മലബാറിൽ അടിമവ്യാപാരം പൂർണമായി നിർത്തലാക്കുന്ന നിയമം നിലവിൽ വന്നു. 1853ൽ കൊച്ചിയിലും 1855ൽ തിരുവിതാംകൂറിലും അടിമവ്യാപാര നിരോധന വിളംബരങ്ങൾ ഉണ്ടായി. കേരള ജനതയെ നവോത്ഥാനത്തിന്റെ അരുണോദയത്തിലേക്കു നയിച്ച പുരോഗമനപരമായ നിരവധി നടപടികളിൽ ഒന്നായിരുന്നു, അടിമ സമ്പ്രദായം അവസാനിപ്പിക്കലും.



*ആയില്യം തിരുനാൾ രാജാവ്*

തിരുവിതാംകൂറിൽ പുതിയ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നല്കാൻ 1800ന്റെ ആദ്യവർഷങ്ങളിൽ ദളവയായിരുന്ന വേലുത്തമ്പിക്കു താത്പര്യമുണ്ടായിരുന്നില്ല. എന്നാൽ, 1809ൽ അദ്ദേഹം ആത്മഹത്യ ചെയ്തതിനെ ത്തുടർന്ന് അന്തരീക്ഷം ആകെ മാറി.



*ശ്രീമൂലം തിരുനാൾ രാജാവ്*

1810ൽ അധികാരമേറ്റ ഗൗരിലക്ഷ്മീബായിയുടെയും അവരുടെ അകാലമരണത്തെത്തുടർന്നു ഭരണം കൈയേറ്റ ഗൗരിപാർവതിബായിയുടെയും കാലത്ത് എല്ലാ മതങ്ങളോടും സഹിഷ്ണുത നിറഞ്ഞ സമീപനമാണു ഭരണാധികാരികൾ പുലർത്തിയത്. അക്കാലത്തു തിരുവിതാംകൂർ -കൊച്ചി രാജ്യങ്ങളുടെ റസിഡണ്ടായിരുന്ന കേണൽ ജോൺ മൺറോയുടെ ഇടപെടലും ഇതിനു സഹായകമായി. അദ്ദേഹം കുറെക്കാലം രണ്ടു രാജ്യങ്ങളുടെയും ദിവാൻ പദവിയും വഹിച്ചിരുന്നു. അക്കാലത്തു നിരവധി ക്രൈസ്തവദേവാലയങ്ങൾ സ്ഥാപിതമായി. ഇതു പറയുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. 1820ൽ തിരുവിതാംകൂറിൽ ആകെയുണ്ടായിരുന്ന ക്രൈസ്തവരുടെ എണ്ണം ഒരുലക്ഷത്തി പന്തീരായിരം മാത്രമായിരുന്നു. 1921 ആയപ്പോഴും ആകെ സംഖ്യ പതിനൊന്നേമുക്കാൽ ലക്ഷം മാത്രം. അതുകൊണ്ടു ധാരാളം ദേവാലയങ്ങൾ ഉണ്ടായി. എന്നൊക്കെ പറയുമ്പോൾ ഇന്നത്തെ സാഹചര്യവുമായി താരതമ്യം ചെയ്ത് എണ്ണമെടുക്കാൻ തുനിയരുത്.

ജനസാന്ദ്രത വളരെ കുറവായിരുന്ന അക്കാലത്തും ക്രൈസ്തവ സമൂഹം ഇടവകകളായി വിഭജിക്കപ്പെട്ടു സംഘടിതമായ ഒരു പ്രവർത്തനശൈലി സ്വീകരിച്ചിരുന്നു. വികാരിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന സാമൂഹികപ്രവർത്തനങ്ങൾ നാടിന്റെ വികസനം ത്വരിതപ്പെടുത്തുന്നതായിരുന്നു. 1903ൽ ശ്രീനാരായണ ധർമപരിപാലനയോഗം (എസ്.എൻ.ഡി.പി) സ്ഥാപിതമായതോടെ ഈഴവസമുദായവും സംഘടിതസ്വഭാവം സ്വീകരിച്ചു. 1905ൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ സാധുജനപരിപാലനയോഗം നിലവിൽവന്നു. നമ്പൂതിരി യോഗക്ഷേമസഭ 1908ൽ രൂപംകൊണ്ടു. ആറുകൊല്ലം കൂടി കഴിഞ്ഞപ്പോൾ, 1914ൽ നായർ സർവീസ് സൊസൈറ്റിയും രംഗത്തുവന്നു.

കേരളത്തിന്റെ വികസനം വിവിധ സമുദായങ്ങളുടെ സംഘടിത യത്നങ്ങളുടെ ആകെത്തുകയാണെന്നു പറയാറുണ്ടല്ലോ. ക്രൈസ്തവരുടെ പ്രവർത്തനശൈലി മാതൃകയാക്കി മറ്റു സമുദായ സംഘടനകളും വിദ്യാഭ്യാസം, സാമൂഹ്യസേവനം, ആതുരശുശ്രൂഷ തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തനം സജീവമാക്കിയതോടെ കേരളത്തിന്റെ ജനജീവിതം എല്ലാവിധത്തിലും വികസനോന്മുഖമായി.

ഇവിടെ പ്രധാനമായി ഓർമിക്കേണ്ട ഒരു വസ്തുത കാർഷികമേഖലയിലുണ്ടായ പരിവർത്തനമാണ്. ഭൂമിയിൽ കർഷകന് അവകാശം എന്ന മഹത്തായ ആദർശം സാക്ഷാത്ക്കരിക്കപ്പെട്ടത് 1860 മുതൽ 1880 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യം തിരുനാൾ രാജാവിന്റെ കാലത്താണ്. അന്നുവരെ ജന്മിമാരുടെയോ ക്ഷേത്രങ്ങളുടെയോ സർക്കാരിന്റെയോ വകയായിരുന്നു ഭൂമി മുഴുവൻ. അതിൽ കൃഷി ചെയ്യുന്ന കർഷകനു വിളവിൽ ഒരംശം എടുക്കാം എന്നതിനപ്പുറത്തു കൃഷിഭൂമിയിൽ അവകാശം ഉണ്ടായിരുന്നില്ല. അക്കാരണത്താൽ കൃഷിഭൂമിയിൽ തന്നാണ്ടു വിളകളല്ലാതെ ദീർഘകാലവിളകൾ വച്ചുപിടിപ്പിക്കാൻ കർഷകർക്കു താത്പര്യമുണ്ടായിരുന്നില്ല. ഇതു രാജ്യത്തിന്റെ



സമ്പദ്ഘടനയ്ക്കു ഭീഷണിയാണെന്നു തിരിച്ചറിഞ്ഞ രാജാവു കർഷകർക്കു ഭൂമി വാങ്ങാനും വിനിമയം ചെയ്യാനും, സർക്കാരിനു നികുതി നല്കിക്കൊണ്ടു സ്വന്തം പേരിൽ സംരക്ഷിക്കാനും അനുവാദം നല്കുന്ന, വിപ്ലവകരവും ചരിത്രപ്രധാനവുമായ വിളംബരം പുറപ്പെടുവിച്ചു. 1865ലെ ഈ വിളംബരം കേരളത്തിന്റെ വികസനചരിത്രത്തിൽ ദൂരവ്യാപകമായ പരിവർത്തനങ്ങൾ ഉണ്ടാക്കി. ഇതോടെ നമ്മുടെ കാർഷികമേഖല സജീവമായി എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഇതിനു തൊട്ടു പിന്നാലെ രാഷ്ട്രീയരംഗത്തുണ്ടായ മറ്റൊരു ചുവടുവയ്പ് ഇന്ത്യൻ ജനാധിപത്യചരിത്രത്തിലെ തന്നെ സുപ്രധാന സംഭവമാണ്. 1888ൽ ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുവിതാംകൂറിൽ ഒരു ജനപ്രതിനിധിസഭയ്ക്കു രൂപംനല്കി തിരുവിതാംകൂർ -ലജിസ്ലേറ്റീവ് കൗൺസിൽ. അന്ന് ഇന്ത്യയിലുണ്ടായിരുന്ന അറുനൂറിലധികം നാട്ടുരാജ്യങ്ങളിൽ ഇത്തരത്തിലൊരു സംരംഭം ആദ്യമായിരുന്നു. നാമനിർദേശം ചെയ്യപ്പെട്ട എട്ടംഗങ്ങൾ മാത്രമുണ്ടായിരുന്ന ഈ കൗൺസിലിന് ഒരു ഉപദേശകസമിതിയുടെ സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രം ഇവിടെ ആരംഭിക്കുന്നു. പിന്നീടുണ്ടായ ശ്രീമൂലം അസംബ്ലിയും ശ്രീചിത്രാ കൗൺസിലുമൊക്കെ ഇതിന്റെ വികസിതരൂപങ്ങളാണ്.

മൂന്നുവർഷങ്ങൾക്കുള്ളിൽ തന്നെ, തിരുവിതാംകൂർ ജനത കൈവരിച്ച രാഷ്ട്രീയപ്രബുദ്ധതയുടെയും അവകാശബോധത്തിന്റെയും അടയാളമായ ആദ്യ ജനകീയപ്രക്ഷോഭം രൂപം കൊണ്ടു. അതാണ് 1891 ലെ മലയാളി മെമ്മോറിയൽ. നാട്ടിലെ ഉയർന്ന ഉദ്യോഗങ്ങൾ മുഴുവൻ പരദേശ ബ്രാഹ്മണർ കൈയടക്കിയിരുന്നതിനെതിരെ, അവ നാനാജാതി മതസ്ഥരായ തിരുവിതാംകൂർ പ്രജകൾക്കു കൂടി അവകാശപ്പെട്ടതാണെന്നു രാജാവിനെ ഓർമിപ്പിക്കുന്നതായിരുന്നു ഈ മെമ്മോറിയൽ. 1891 ജനുവരി ഒന്നിനു സമർപ്പിക്കപ്പെട്ട ഈ അവകാശപത്രികയിൽ 10037 പേർ ഒപ്പുവച്ചിരുന്നു. ഇതിനു കുറെയൊക്കെ പ്രയോജനം ഉണ്ടായി. പിന്നീടു നാടിനെ ഇളക്കിമറിച്ച പൗരസ്പരസമത്വവാദം, നിവർത്തനപ്രക്ഷോഭം, ഉത്തരവാദഭരണ പ്രക്ഷോഭം തുടങ്ങിയ ബഹുജന മുന്നേറ്റങ്ങളുടെ ഊർജകേന്ദ്രം മലയാളി മെമ്മോറിയലായിരുന്നു.

*(തുടരും)*

# ന്യൂസ് ഡയറി

(8- 14 ജനുവരി 2011)

**പി.ആർ.**

## കേരളം

**8.** സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണനും ഉറ്റ ബന്ധുക്കൾക്കുമെതിരെ ഉയർന്ന ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്നു രാഷ്ട്രപതിയോടു നിർദേശിക്കുന്ന പ്രമേയം കേരള ബാർ കൗൺസിൽ പാസാക്കി.



**9.** യു.ഡി.എഫിൽ ഉറച്ചുനില്ക്കുവാനും കോൺഗ്രസുമായുള്ള അഭിപ്രായ ഭിന്നതകൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനു ഗൗരിയമ്മയെ ചുമതലപ്പെടുത്താനും ആലപ്പുഴയിൽ ചേർന്ന ജെ.എസ്.എസ് സംസ്ഥാന പ്ലീനം തീരുമാനിച്ചു.



● പരിയാരം മെഡിക്കൽ കോളജു ഭരണസമിതിയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള 12 സീറ്റിലും സി.പി.എം. വിജയിച്ചു.



**10.** ഇടതു സർക്കാരിനെതിരെ കുറ്റവിചാരണയുമായി പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി നയിക്കുന്ന കേരളമോചന യാത്ര കാസർകോട് മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പളയിൽ നിന്നും ആരംഭിച്ചു.



**11.** ഏഷ്യൻ ഗെയിംസിൽ 10,000 മീറ്ററിൽ സ്വർണം നേടിയ മലയാളി താരം പ്രീജ ശ്രീധരൻ മനോരമ ന്യൂസിന്റെ ന്യൂസ്മേക്കർ -2010 ആയി തെരഞ്ഞെടുക്കപ്പെട്ടു.



**12.** യൂത്തു കോൺഗ്രസ് മുൻ സംസ്ഥാന വൈസ് പ്രസിഡണ്ടും സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ മരുമകനുമായ പി. വി. ശ്രീനിജിനെതിരെ വിജിലൻസ് അന്വേഷണത്തിന് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉത്തരവിട്ടു.



**13.** 2007 ഡിസംബർ 10 മുതൽ 12 വരെ വാഗമണ്ണിൽ നടന്ന സിമി ക്യാമ്പിൽ പങ്കെടുത്ത 37 പ്രതികൾക്കെതിരെ രാജ്യദ്രോഹക്കുറ്റം ഉൾപ്പെയുള്ള കുറ്റങ്ങൾ ചുമത്തി ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ) പ്രത്യേക കോടതിയിൽ കുറ്റപത്രം നല്കി.

**14.** ശബരിമലയിൽ നിന്നു വനപാതയിൽ ഏഴു കിലോമീറ്റർ അകലെ പെരിയാർ വന്യജീവി സങ്കേതത്തിനുള്ളിലെ പുല്ലുമേട്ടിൽ മകരജ്യോതി ദർശനം കഴിഞ്ഞു മടങ്ങുന്നതിനിടെ തിക്കിലും തിരക്കിലുംപെട്ടു കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാ എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള 106 തീർത്ഥാടകർ കൊല്ലപ്പെട്ടു.



## ദേശീയം

**8.** മാവോയിസ്റ്റു ബന്ധം ആരോപിച്ചു ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട ഡോ. ബിനായക് സെന്നിനെക്കുറിച്ചു പത്രപ്രവർത്തകയും ഡോക്യുമെന്ററി നിർമാതാവുമായ മിന്നി വൈദ് രചിച്ച പുസ്തകം 'എ ഡോക്ടർ ടു ഡിഫൻസ് സ്റ്റോറി ഓഫ് ബിനായക് സെൻ', നോബൽ സമ്മാന ജേതാവ് അമർത്യാസെൻ പ്രകാശനം ചെയ്തു.



● സംഝോത, മാലെഗാവ്, മക്ക മസ്ജിദ്, അജ്മേർ സ്ഫോടനക്കേസുകളിൽ ആർ.എസ്.എസിനു പങ്കുണ്ടെന്ന സ്വാമി അസിമാനന്ദിന്റെ കുറ്റസമ്മത മൊഴി മനപൂർവം ചോർത്തി മാധ്യമങ്ങൾക്കു നല്കിയതിനു സി.ബി.ഐക്ക് ആർ.എസ്.എസ് വക്കീൽ നോട്ടീസയച്ചു.




● പ്രവാസി ഭാരതീയ ദിവസ്, പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.



**9.** കണ്ണൂർ വിമാനത്താവള പദ്ധതിയിൽ നിക്ഷേപത്തിനു പരിധിയുണ്ടാവില്ലെന്നു സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണൻ പ്രവാസി ഭാരതീയ സമ്മേളനത്തിൽ പറഞ്ഞു.



● 2ജി സ്പെക്ട്രം ലൈസൻസു നേടിയ ചില കമ്പനികൾക്ക് എസ്.ബി.ഐ അടക്കമുള്ള പൊതുമേഖലാ ബാങ്കുകൾ നടപടിക്രമം തെറ്റിച്ചു വൻ തുക വായ്പ അനുവദിച്ചതിനെക്കുറിച്ചു സി.ബി.ഐ അന്വേഷണം ആരംഭിച്ചു.

**10.** ഇന്ത്യൻ നിർമിത ലഘു പോർവിമാനമായ 'തേജസ്' പ്രതിരോധ മന്ത്രി എ.കെ. ആന്റണി വ്യോമസേനയ്ക്കു കൈമാറി.



**11.** കെ. കരുണാകരന്റെ നിര്യാണത്തോടെ അദ്ദേഹം ഫയൽ ചെയ്തിരുന്ന അപ്പീൽ അസാധുവായതു കാരണം പാമോയിൽ കേസിൽ വിചാരണ സ്റ്റേചെയ്ത നടപടി സുപ്രീം കോടതി റദ്ദാക്കി.

**12.** കേന്ദ്ര ടെലികോം മന്ത്രി കപിൽ സിബൽ 2ജി വിഷയത്തിൽ സി.എ.ജിക്കെതിരെ നടത്തിയ പരാമർശങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്നു പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷൻ മുരളി മനോഹർ ജോഷി.



- പ്രമുഖ കഥാകൃത്തും നോവലിസ്റ്റും കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ മുൻ സെക്രട്ടറിയുമായ ഐ.കെ.കെ. മേനോൻ (92) ന്യൂഡൽഹിയിൽ അന്തരിച്ചു.

**13.** ചീഫ് ജസ്റ്റിസ് എസ്.എച്ച്. കപാഡിയയ്ക്കെതിരെ നടത്തിയ ആരോപണങ്ങൾ പിൻവലിച്ചു മാപ്പുപറയാൻ അഭിഭാഷകൻ പ്രശാന്ത് ഭൂഷൻ തയ്യാറാകാത്തതിനെ തുടർന്ന് അദ്ദേഹത്തിനെതിരെ കോടതിയലക്ഷ്യ നടപടികളുമായി മുന്നോട്ടുപോകാൻ സുപ്രീം കോടതി തീരുമാനിച്ചു.

- രാജ്യത്തു പൊതുവായ മെഡിക്കൽ പ്രവേശന പരീക്ഷ നടത്താനുള്ള മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദേശം തത്ക്കാലം നടപ്പാക്കേണ്ടതില്ലെന്നു ഹൈദരാബാദിൽ ചേർന്ന സംസ്ഥാന ആരോഗ്യമന്ത്രിമാരുടെ യോഗം തീരുമാനിച്ചു.

- വിദേശത്തു താമസിക്കുന്ന ഇന്ത്യൻ പൗരൻമാർക്കു നാട്ടിലെ വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അവസരം നല്കുന്ന ചട്ടം നിയമമന്ത്രാലം തയ്യാറാക്കി.



**14.** ജൂലൈ 31നു മുമ്പു സുരക്ഷാ പരിശോധന അനുവദിക്കുമെന്ന ഉറപ്പിൽമേൽ മൊബൈൽ കമ്പനികൾക്കു വീഡിയോ കോൾ സൗകര്യം (3ജി) അനുവദിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.



- സി.ബി.എസ്.ഇ സ്കൂളുകളുടെ എൻ.ഒ.സി സംബന്ധിച്ചു വാദം കേൾക്കുന്നതിനിടെ കേരളത്തിലെ സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറയുന്നതിനു കാരണം അവയുടെ നിലവാരത്തകർച്ചയാണെന്നു സുപ്രീം കോടതി നിരീക്ഷിച്ചു.

## വിദേശം

**8.** ചെലവുകൾ പെരുപ്പിച്ചുകാട്ടി പണം തട്ടിയതിനു ബ്രിട്ടീഷ് പാർലമെണ്ടിലെ മുൻ ലേബർപാർട്ടി എം.പി. ഡേവിഡ് കെയ്റ്റർക്കു കോടതി 18 മാസം ജയിൽ ശിക്ഷ വിധിച്ചു.

- പാലസ്തീനെ സ്വതന്ത്ര, പരമാധികാര രാഷ്ട്രമായി തെക്കേ അമേരിക്കൻ രാജ്യമായ ചിലി അംഗീകരിച്ചു.

**9.** ഇറാനിലെ ഒരുമിയ രാജ്യാന്തര വിമാനത്താവളത്തിൽ 156 പേരുമായി ലാൻഡുചെയ്യാനൊരുങ്ങവേ ഇറാൻ എയറിന്റെ വിമാനം തകർന്നു വീണു നൂറോളം പേർ കൊല്ലപ്പെട്ടു.



- ചൈനയുമായുള്ള സൈനിക ബന്ധം ശക്തിപ്പെടുത്തുക ലക്ഷ്യമിട്ടുള്ള മൂന്നു ദിവസത്തെ സന്ദർശനത്തിനായി യു.എസ് പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേറ്റ്സ് ബെയ്ജിങ്ങിലെത്തി.



**10.** ഫിഫ ഫുട്ബോളർ ഓഫ് ദി ഇയർ പുരസ്കാരവും യൂറോപ്യൻ ഫുട്ബോളർക്കു നല്കിവരുന്ന ബാലൺ ഡി ഓർ പുരസ്കാരവും ഒരുമിക്കുന്ന ആദ്യ അവാർഡായ ഫിഫ ബാലൺ ഡി ഓർ പുരസ്കാരത്തിനായി തെരഞ്ഞെടുക്കപ്പെട്ട അർജന്റീനയുടെ താരം ലയണൽ മെസ്സി തുടർച്ചയായ രണ്ടാം തവണയും ലോക ഫുട്ബോളറായി.



- പ്രസിഡണ്ട് അസിഫ് അലി സർദാരി ഉൾപ്പെടെയുള്ള നേതാക്കൾക്കെതിരായ എണ്ണായിരത്തോളം അഴിമതിക്കേസുകളിൽ പുനരന്വേഷണം അടക്കം പ്രധാന പ്രതിപക്ഷ കക്ഷിയായ പാകിസ്ഥാൻ മുസ്ലീം ലീഗ് (നവാസ്) ഉന്നയിച്ച പത്ത് ആവശ്യങ്ങളും യൂസഫ് റാസാ ഗീലാനി സർക്കാർ അംഗീകരിച്ചു.

**11.** സൗദി വിമാനത്താവളങ്ങൾ വഴി കടന്നുപോകുന്ന വിമാനങ്ങൾ വൈകുന്ന പക്ഷം ഓരോ മണിക്കൂറിനും യാത്രക്കാർക്കു 300 റിയാൽ വീതം നഷ്ടപരിഹാരം നല്കണമെന്നതടക്കമുള്ള നിയമം നിലവിൽ വന്നു.

- രാജ്യത്തു രാഷ്ട്രീയ കുറ്റങ്ങൾ ചുമത്തപ്പെട്ടവർക്കു വേണ്ടി പ്രവർത്തിക്കുന്ന നസ്റിൻ സോത്തൗദേഗി എന്ന അഭിഭാഷകയെ ഇറാൻ കോടതി 11 വർഷം തടവിനു വിധിച്ചു.

**12.** 1990ലെ ഇറാഖിന്റെ അധിനിവേശത്തിനു ശേഷം ആദ്യമായി കുവൈത്ത് പ്രധാനമന്ത്രി ഷെയ്ഖ് നാസർ അൽ മുഹമ്മദ്, ഇറാഖ് സന്ദർശിച്ചു.

- രാജ്യത്തു ക്രൈസ്തവർക്കു സുരക്ഷിതത്വം ഇല്ല എന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പരാമർശത്തിൽ പ്രതിഷേധിച്ചു വത്തിക്കാനിൽ നിന്നും ഈജിപ്തു തങ്ങളുടെ പ്രതിനിധിയെ തിരിച്ചു വിളിച്ചു.

**13.** ഹിസ്ബുല്ല പ്രതിനിധികൾ ഉൾപ്പെടെ 11 മന്ത്രിമാർ രാജിവച്ചതോടെ ലബനിലെ സഅദ് അൽ ഹരീരി മന്ത്രിസഭയ്ക്കു ഭരണാധികാരം നഷ്ടമായി.

- രാജ്യത്തെ സ്വയംസഹായ സംഘങ്ങൾക്കു നോർവെ നല്കിയ 10 കോടി ഡോളർ ഗ്രാമീണ ബാങ്കു സ്ഥാപകൻ മുഹമ്മദ് യൂനിസ് വക മാറ്റി ചെലവഴിച്ചെന്ന പരാതിയിൻമേൽ അന്വേഷണത്തിനു ബംഗ്ലാദേശ് സർക്കാർ ഉത്തരവിട്ടു.

**14.** മദ്യവില്പനയുമായി ബന്ധപ്പെട്ട കേസിൽ പിടിയിലായ യുവാവു പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ടതിനെ തുടർന്നു കുവൈത്ത് അഭ്യന്തരമന്ത്രി ഷെയ്ഖ് ജാബർ ഖാലിദ് അൽ സബ രാജിവച്ചു.

- ദോഹയിൽ ജി-എട്ട് രാജ്യങ്ങളുംവിശാല മധ്യപൂർവദേശ- ഉത്തര ആഫ്രിക്കൻ രാജ്യങ്ങളും പങ്കെടുത്ത 'ഫോറം ഫോർ ഫ്യൂച്ചർ' അഭിപ്രായ വ്യത്യാസങ്ങളെ തുടർന്നു സംയുക്ത പ്രഖ്യാപനമില്ലാതെ പിരിഞ്ഞു.



# വിമോചനസമരം ചരിത്രപാഠങ്ങൾ

**ഡോ. വി.എ. ഫിലിപ്പ്**

## വിമോചനസമരം

(ചരിത്രം)
ഡോ. കുര്യാസ് കുമ്പളക്കുഴി
പ്രസാ: മീഡിയാ ബുക്സ്, കോഴിക്കോട്
വില ₹ 210



**ഡോ.** കുര്യാസ് കുമ്പളക്കുഴിയുടെ 'വിമോചനസമരം' ഒരു വലിയ ജനകീയപ്രക്ഷോഭത്തിന്റെ ചരിത്രമാണ്. ഈ ചരിത്രസംഭവത്തെ പുച്ഛിക്കാനും അപമൂല്യവത്ക്കരിക്കാനുമാണ് എക്കാലത്തും കമ്യൂണിസ്റ്റുപാർട്ടി ശ്രമിച്ചിട്ടുള്ളത്. അതു സ്വാഭാവികമാണുതാനും. ജനാധിപത്യത്തിന്റെ അന്തസ്സത്ത ഉൾക്കൊള്ളാൻ കഴിയാതെ, ലഭിച്ച അധികാരത്തെ തങ്ങൾക്കു പരിചയമുള്ള കമ്യൂണിസ്റ്റു രാജ്യങ്ങളിലെ സർവ്വാധിപത്യത്തിന്റെയും സമഗ്രാധിപത്യത്തിന്റെയും തത്ത്വങ്ങൾക്കനുസൃതമായി വിനിയോഗിച്ചു, പുറത്താക്കപ്പെടുക എന്ന ചരിത്രപരമായ വിഡ്ഢിത്തമാണല്ലോ അവർ ചെയ്തത്. അതുകൊണ്ട് വിമോചനസമരത്തെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ കറുത്ത അധ്യായം എന്നു വിശേഷിപ്പിച്ചു സായുജ്യമടയാനാണ് അവർക്കിഷ്ടം. മറിഞ്ഞു വീണു കിടക്കുന്ന ഒരാൾ, വീണതു തന്റെ കുറ്റം കൊണ്ടാണെന്ന് ഒരിക്കലും സമ്മതിക്കില്ലല്ലോ. വീണുകിടക്കുന്നവനോടു സ്വാഭാവികമായുണ്ടാകുന്ന സഹതാപം കാരണം ആരും തത്ക്കാലം അയാളെ കുറ്റപ്പെടുത്താനും ശ്രമിക്കുകയില്ല. ഈ സൗകര്യം മുതലെടുത്തു കമ്യൂണിസ്റ്റു പാർട്ടി നിരന്തരം വിമോചനസമരത്തിനെതിരായി പ്രചാരണം നടത്തിക്കൊണ്ടിരുന്നു. അതേസമയം അവർ വിമോചനസമരത്തിൽ നിന്ന് പാഠം പഠിക്കുകയും ചെയ്തു. ഗ്രന്ഥകാരന്റെ നിരീക്ഷണം ശ്രദ്ധിക്കുക: "വാസ്തവത്തിൽ, വിമോചനസമരാനുഭവത്തിലൂടെയാണ് ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി ജനാധിപത്യബോധം ഉൾക്കൊണ്ടത്. പാർലമെണ്ടറി സംവിധാനത്തിൽ യാതൊരു വിശ്വാസവുമില്ലാത്ത കമ്യൂണിസ്റ്റു കക്ഷികൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്, അധികാരത്തിലെത്താൻ മറ്റൊരു മാർഗവുമില്ലാതെവന്നപ്പോൾ സ്വീകരിച്ച അടവുനയം മാത്രമായിരുന്നു."

വിമോചനസമരത്തിന് അടിസ്ഥാനമായ ഗൗരവാവഹമായ പ്രശ്നങ്ങൾ അവസാനിക്കുകയും അവ മെല്ലെ മെല്ലെ വിസ്മൃതിയിലേക്കു പോവുകയും ചെയ്തു. പാഠം പഠിച്ച കമ്യൂണിസ്റ്റുകാർ പിന്നീട് അധികാരത്തിൽ വന്നെങ്കിലും തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിച്ചു. അപ്പോഴും വിമോചനസമരം സാമുദായിക, വർഗീയ, പൗരോഹിത്യ, ജന്മിത്ത, നാടുവാഴിത്ത പിൻതിരിപ്പൻ ശക്തികളുടെ ഗൂഢാലോചനയാണെന്നു നിരന്തരം പ്രചരിപ്പിക്കാൻ മറന്നില്ല. ഈ പ്രചാരണത്തിനു വസ്തുനിഷ്ഠമായ മറുപടി ഉണ്ടാകാതെ വന്നപ്പോൾ, സ്വയം ന്യായീകരണമെന്ന നിലയിൽ പറഞ്ഞുതുടങ്ങിയ കാര്യങ്ങൾ ശരിയാണെന്ന് അവർക്കുതന്നെ തോന്നിത്തുടങ്ങി. യാഥാർഥ്യങ്ങൾ മറന്നു തുടങ്ങിയ പൊതുജനവും അതു വിശ്വസിച്ചു. അന്നു കുട്ടികളായിരുന്നവരും പിന്നീടു ജനിച്ചവരുമായ പുതുതലമുറ വ്യത്യസ്തമായ ഒരു പാഠത്തിന്റെ അഭാവത്തിൽ വിമോചനസമരത്തിന്റെ കമ്യൂണിസ്റ്റു പാഠംതന്നെ അംഗീകരിച്ചു. വിമോചനസമരത്തിലൂടെയും ബന്ധപ്പെട്ട സമരങ്ങളിലൂടെയും നേതൃനിരയിലേക്കുയർന്നവരാണ് ഇന്നത്തെ മുതിർന്ന കോൺഗ്രസ് നേതാക്കന്മാരിലേറെയും. അവരിൽ ചിലർപോലും ഈ കമ്യൂണിസ്റ്റു പ്രചാരണങ്ങളിൽ കുടുങ്ങിപ്പോയിയെന്നതു രസകരമായ ഒരു വൈരുധ്യമാണ്.

രേഖപ്പെടാതെപോയ ചരിത്രം രേഖപ്പെടുത്തുകയെന്ന ചരിത്രപരമായ ദൗത്യമാണ് ഈ കൃതിയിലൂടെ നിർവഹിക്കപ്പെടുന്നത്. ഇവിടെ അരനൂറ്റാണ്ടുകാലം തമസ്കരിക്കപ്പെടുകയോ വികലമാക്കപ്പെടുകയോ ചെയ്ത ചരിത്രമാണു രേഖപ്പെടുത്തുന്നത്. അതിനാൽ തെറ്റായ ധാരണകൾ തിരുത്തിയാൽ മാത്രം പോരാ, അവ തെറ്റായിരുന്നു എന്നു ബോധ്യപ്പെടുത്തുകയും വേണം. അതുകൊണ്ടാകണം, സൂക്ഷ്മമായ വിശദാംശങ്ങൾ വരെ ഉൾപ്പെടുത്താൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. അക്കാലത്തു നേതാക്കന്മാർ നടത്തിയ പ്രസംഗങ്ങൾ, പത്രപ്രസ്താവനകൾ, യോഗതീരുമാനങ്ങൾ, നിവേദനങ്ങൾ, സർക്കാർ രേഖകൾ, പ്രസിഡണ്ടുഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള വിജ്ഞാപനം, ഉദ്ധരണികൾ തുടങ്ങിയവ വളരെ കൃത്യമായി പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അദ്ദേഹം അടിസ്ഥാനപരമായി ഒരു ചരിത്രകാരനല്ല; നിരൂപകനും ഗവേഷകനുമാണ്. അറിഞ്ഞോ അറിയാതെയോ ഒരു ഗവേഷണപ്രബന്ധത്തിന്റെ ഭാഷയും ഘടനയും ഈ പുസ്തകത്തിനു വന്നുചേരുന്നു. അങ്ങനെ 'വിമോചനസമരം' ഒരേ സമയം സാഹിത്യവും ചരിത്രവും ഗവേഷണഗ്രന്ഥവുമായി മാറുന്നു.

അനുബന്ധമായി ചേർത്തിരിക്കുന്ന 'വിമോചനസമരവും കമ്യൂണിസ്റ്റു ഫാസിസവും' എന്ന ലേഖനം, വിമോചനസമരസംബന്ധമായ കമ്യൂണിസ്റ്റു ആരോപണങ്ങൾക്കുള്ള മറുപടിയാണ്. വിമോചനസമരം കേരളത്തിലെ ജനങ്ങളുടെ സ്വമേധയാ ഉള്ള സമരമല്ലെന്നും അതു സി. ഐ. എ കേരളത്തിലെ ജനങ്ങളെ ഉപയോഗിച്ചു നടത്തിയ കമ്യൂണിസ്റ്റുവിരുദ്ധ പ്രക്ഷോഭം ആയിരുന്നുവെന്നുമാണു കേരളത്തിലെ കമ്യൂണിസ്റ്റുകൾ എക്കാലത്തും ഉന്നയിച്ചിരുന്ന ആരോപണം. 'വിമോചനസമരത്തിന്റെ കാണാപ്പുറങ്ങൾ' എന്ന പുസ്തകത്തിൽ ഡോ. ടി. എം. തോമസ് ഐസക്ക് ഇതേ ആരോപണങ്ങൾ ആവർത്തിക്കുന്നു. ഡോ. കുര്യാസ് ഈ ആരോപണങ്ങൾക്കു യുക്തിയുക്തം മറുപടി പറയുന്നു. ഫാസിസത്തെ കുറിച്ചുള്ള മുസ്സോളിനിയുടെ നിരീക്ഷണമുദ്ധരിച്ചുകൊണ്ടു ഫാസിസത്തിനും കമ്യൂണിസത്തിനുമുള്ള അഭേദത്വം എടുത്തുകാണിക്കുന്നു. കമ്യൂണിസത്തിന്റെ ഫാസിസ്റ്റു നിലപാടുകൾക്കെതിരായിരുന്നു വിമോചനസമരം എന്നു വ്യക്തമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ
സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും
വായനക്കാരിലേക്കെത്തിക്കുന്നു

സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ
ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ

**തെറ്റും തിരുത്തും**
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

**രാഷ്ട്രീയകേരളം**
സാബു ജോൺ

**ജർമൻഡയറി**
ജോർജ് കുറ്റിക്കാട്

**കണ്ണിനും കണ്ണാടിക്കും**
എസ്. കൃഷ്ണദാസ്

**സിപ്പിയങ്കിളും കുട്ട്യോളും**
സിപ്പി പള്ളിപ്പുറം

**ഫ്ളാഷ് ബാക്ക്**
തേക്കിൻകാട് ജോസഫ്

**സുദർശനം**
കിളിരൂർ രാധാകൃഷ്ണൻ

എന്നീ പംക്തികൾക്കു പുറമെ

**ബാലലോകം**
**രാഷ്ട്രീയ വാർത്തകൾ**
**ന്യൂസ്ഡയറി**
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 300 രൂപ*
*(തപാലിൽ മാത്രം)*

എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു

*പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001*

ഒരു കോപ്പി ₹ 10.00
വാർഷിക വരിസംഖ്യ ₹ 500

NEWS WEEKLY
Palace Road, Kottayam -1
Ph: 04812564085

Email : pratichaya@gmail.com Website: www.pratichaya.com



★★★

റിറ്റ്സി മലബാർ മണ്ണാർക്കാട്

ആതിഥ്യത്തിന്റെ സ്നേഹോഷ്മളമായ അനുഭവത്തിലേക്ക് സ്വാഗതം

RITZY MALABAR
THE RETREAT HOTEL

TIPPU SULTHAN ROAD, MANNARKKAD, PALAKKAD.
Telephone : 04924 225601 / 602 / 603 / 604 / 605
e-mail : ritzymalabar@gmail.com www.ritzymalabar.com

naduthalam sairandri poonchola nellivalley udyanam

OUR FACVILITIES

- THAMBOOLAM
- A/c Restaurant
- ARYA
- Pure Vegitarian Restaurant
- A/c Rooms
- Suite Rooms
- Non A/c Rooms
- A/c Mini Conference Hall
- AKATHALAM
- A/c Conference Hall (100 Seats)
- Non A/c Conference Hall (500) Seats)
- Out Door Catering & Home Delivery

Kottaram
★★★ RESIDENCY



Opp.Appolo Tyres, Perambra, Kodakara, Thrissur Dt., Kerala - 680
Ph: 0480-2724433, 2725444, 2723222, 2622333
E-mail: royalkottaram@gmail.com, royalkottaram@rediffmail.com
www.hotelkottaramresidency.com